2017
August
Vol. X. Issue 6

# Flame of Revival

POST BOX 21,
TIRUVALLA, KERALA
689103
for Private Circulation only

‘‘സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു’’.സെഖര്യാവ് 4:6





**വിലാപഗീതങ്ങളുമായി ജൂതർ യെരൂശലേമിൽ**

യെരൂശലേമിന്റേയും യെഹൂദന്റേയും ദുരവസ്ഥകളോർത്ത് തിഷബ് ഏവ് ദിനത്തിൽ ബൈബിളിലെ വിലാപഗീതങ്ങളുടെ പുസ്തകം വായിച്ചു ധ്യാനിക്കുന്ന ജൂതർ. തങ്ങളുടെ കൊച്ചുകുട്ടികൾപോലും പ്രാർത്ഥനയിൽ പങ്കെടുത്തു.

# അസ്വസ്ഥതകളിലൂടെ ടെമ്പിൾമൗണ്ട്

## പരസ്യപ്രാർത്ഥനയ്ക്ക് അനുവാദമില്ലാതെ ജൂതർ.. സന്ദർശനം കൂട്ടുവാൻ മുസ്ലീങ്ങൾക്ക് ആഹ്വാനം

യെരുശലേമിലെ മോറിയാമല അഥവാ സീയോൻ പർവ്വതം അല്ലെങ്കിൽ ഇന്ന് ടെമ്പിൾ മൗണ്ട് എന്നറിയപ്പെടുന്ന ഭൂപ്രദേശം വീണ്ടും അസ്വസ്ഥമായിരിക്കുകയാണ്. ഒരിക്കൽ ജൂതർക്ക് സ്വന്തവും യെരുശലേം ദൈവാലയം നിലനിന്നിരുന്നതുമായ ടെമ്പിൾ മൗണ്ടിൽ ജൂലൈ 14–ന് രണ്ട് യിസ്രായേൽ സുരക്ഷാസൈനികരെ പലസ്തീൻ തീവ്രവാദി കൊലപ്പെടുത്തിയതോടെയാണ് വീണ്ടും ഇവിടം അസ്വസ്ഥതയിലേക്ക് കടന്നുപോയത്. തുടർന്നുണ്ടായ ഏറ്റുമുട്ടലിൽ ആറ് പലസ്തീനികളും കൊല്ലപ്പെടുകയുണ്ടായി. വെസ്റ്റ് ബാങ്കിലെ ജൂതാ കുടിയേറ്റ മേഖലയിൽ അതിക്രമിച്ചുകയറിയ പലസ്തീൻകാരൻ മൂന്നു ജൂതരെയും കൊലപ്പെടുത്തി. പ്രശ്നം സങ്കീർണമായതിനെതുടർന്ന് ടെമ്പിൾമൗണ്ടിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന അൽ–അക്സാ മോസ്കിൽ മുസ്ലീങ്ങളുടെ സന്ദർശനത്തിന് യിസ്രായേൽ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. എന്നാൽ ഇത് പാലസ്തീനികളുടെയും അറബ് രാജ്യങ്ങളുടേയും ശക്തമായ പ്രതിക്ഷേധത്തിന് ഇടയാക്കി. വർഷങ്ങൾക്കുശേഷം ഇതാദ്യമായിട്ടാണ് യിസ്രായേൽ ഗവൺമെന്റ് ടെമ്പിൾ മൗണ്ട് കോംപ്ലക്സിലേക്കുള്ള പ്രവേശനത്തിന് നിയന്ത്രണം ഏർപ്പെടുത്തിയത്. അൽ–അക്സാ മോസ്കിലെ വെളളിയാഴ്ച പ്രാർത്ഥന ഇതുമൂലം തടസ്സപ്പെട്ടതിനാൽ മുസ്ലീങ്ങൾ യെരുശലേമിലെ വീഥികളിൽ നിസ്കരിച്ചുകൊണ്ട് തങ്ങളുടെ പ്രതിഷേധം രേഖപ്പെടുത്തി. ലോകരാജ്യങ്ങളുടെ പ്രതിഷേധവും ശക്തമായതിനെതുടർന്ന് യിസ്രായേൽ ഏർപ്പെടുത്തിയ മെറ്റൽ ഡിറ്റക്ടറുകൾ ഒടുവിൽ എടുത്തുമാറ്റുകയും ചെയ്തു.

ടെമ്പിൾ മൗണ്ട് ജൂതർ കൈവശമാക്കും എന്ന വാർത്ത പടർന്നിരിക്കുന്നതിനാൽ ലോകമെങ്ങുമുള്ള മുസ്ലീങ്ങൾ അവിടേക്ക് വെളളപാച്ചിൽ പോലെ സന്ദർശനത്തിനായി പ്രവഹിക്കണമെന്നും ജൂതരുടെ അധിനിവേശത്തിന് അറുതിവരുത്തണമെന്നും യെരൂശലേമിലെ അറബ് ജനതയ്ക്ക് പിൻതുണ നൽകണമെന്നും തുർക്കി പ്രസിഡന്റ് എർദോഗൻ ആഹ്വാനം നൽകിയത് രണ്ട് മാസം മുമ്പാണ്. തുടർന്ന് സ്ഥിതിഗതികൾ വഷളാകാൻ തുടങ്ങി. മോസ്കിലെ പ്രവേശനകവാടത്തിൽ യിസ്രായേൽ സ്ഥാപിച്ച ക്യാമറകളും മെറ്റൽ ഡിറ്റക്ടറുകളും എടുത്തുമാറ്റിയതിനാൽ അൽ–അക്സാ മോസ്കിലേക്ക് പ്രവേശിച്ചു തുടങ്ങാൻ മുസ്ലീംനേതാക്കൾ പാലസ്തീൻ ജനതയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തങ്ങളുടെ ദൈവാലയം നിലനിന്നിരുന്ന ടെമ്പിൾ മൗണ്ട് അഥവാ മോറിയാമല യിസ്രായേൽ ജനത അതിവിശുദ്ധസ്ഥാനമായി കാണുന്നതിനാൽ അവിടെ യാതൊരു വിധത്തിലുള്ള അക്രമങ്ങളോ അനീതികളോ നടക്കുവാൻ പാടില്ലെന്നുള്ള ജൂതരുടെ കർക്കശനിലപാടിനെ ചവിട്ടികളയുന്ന ഒന്നായിരുന്നു യിസ്രായേൽ സൈനികർക്കുനേരെയുണ്ടായ അക്രമണം.

1948–ൽ യിസ്രായേൽ രാജ്യം വീണ്ടും ജന്മം എടുത്തതിനുശേഷം നീണ്ട 19 വർഷം ടെമ്പിൾ മൗണ്ട് ഉൾപ്പെടുന്ന പഴയയെരൂശലേം നഗരം യിസ്രായേലിനു ലഭിച്ചിരുന്നില്ല. ജോർദ്ദാന്റെ കൈവശമായിരുന്ന ആ ഭൂപ്രദേശം 1967 ലെ ആറുദിനയുദ്ധത്തിന് ശേഷമാണ് യിസ്രായേലിന് സ്വന്തമായത്. എന്നാൽ ഐക്യരാഷ്ട്രസഭയുടെ ഇടപെടലിനെ തുടർന്ന് തർക്കഭൂമിയായ ടെമ്പിൾമൗണ്ട് പ്രദേശത്ത് സ്ഥാപിതമായിരുന്ന മോസ്കുകളിലേക്ക് മുസ്ലീങ്ങൾക്ക് പോകുവാനും പ്രാർത്ഥിക്കുവാനും കഴിയും എന്നാൽ ജൂതർക്ക് ടെമ്പിൾ മൗണ്ടിൽ പരസ്യമായി പ്രാർത്ഥിക്കുവാനുള്ള അനുവാദം നിയമം മൂലം നിക്ഷേധിക്കപ്പെട്ടിരിക്കുന്നു. ടെമ്പിൾ മൗണ്ട് സന്ദർശനത്തിന് മാത്രം ജൂതർക്ക് അനുവാദമുണ്ട്.

ഈ കഴിഞ്ഞ ജൂലൈ 31 ജൂതരുടെ തിഷാബ്–ഏവ് എന്ന പ്രാർത്ഥനാ ദിനമായിരുന്നു. യെരൂശലേം ദൈവാലയത്തിന്റെ നാശത്തെക്കുറിച്ചും യെരൂശലേമിനെക്കുറിച്ചും യഹൂദാജനതയെ ബാധിച്ച വലിയ ദുരന്തങ്ങളെയുംകുറിച്ചോർത്ത് ഉപവാസത്തോടെ പ്രാർത്ഥിക്കുവാൻ വർഷത്തിലൊരിക്കൽ ജൂതർ യെരൂശലേമിൽ ഒന്നുചേരുന്ന ദിവസമാണ് തിഷാബ്–ഏവ് അവരുടെ പിതാക്കന്മാർ പ്രാർത്ഥിച്ച ടെമ്പിൾമൗണ്ടിൽ കടന്നുചെന്ന് പ്രാർത്ഥിക്കുന്നതിന് തടസ്സമുളളതിനാൽ ആയിരക്കണക്കിന് ജൂതർ പഴയയെരൂശലേം ദൈവാലയത്തിന്റെ പടിഞ്ഞാറെ മതിലിങ്കൽ നടന്ന് പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ എത്തി.

ടെമ്പിൾമൗണ്ട് വിഷയം ഏറെ കലുഷിതമാകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഏതുനിമിഷവും ഒരു പൊട്ടിത്തെറി ഉണ്ടാകാവുന്ന സമയത്തിലേക്കാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്.

**തങ്ങളുടെ പിതാക്കന്മാർ സ്ഥാപിച്ച ആലയം നിലനിന്നിരുന്ന ടെമ്പിൾ മൗണ്ട് കൈവശമാക്കുവാനും അവിടെ ആലയം പണിയുവാനും യെഹൂദന്മാർ തയ്യാറായിരിക്കുന്നത് കണ്ടുകൊണ്ട് യെരൂശലേമിലെ ജൂതരുടെ അധിനിവേശത്തെ തടയുവാൻ ലോകമെങ്ങുമുള്ള മുസ്ലിം ജനത ടെമ്പിൾ മൗണ്ട് സന്ദർശനത്തിനായി ജലപ്രവാഹംപോലെ കടന്നുവരണമെന്നാണ് തുർക്കി പ്രസിഡന്റ് എർദഗോൻ ആഹ്വാനം ചെയ്തിരിക്കുന്നത്.**



ടെമ്പിൾമൗണ്ടിൽ സന്ദർശനത്തിനെത്തിയ ജൂതരുടെ സംഘം ജൂലൈ 2017

*August 2017*

## എഡിറ്റോറിയൽ

# ടെമ്പിൾമൗണ്ട് സംഭവങ്ങൾ നമ്മെ ഓർമിപ്പിക്കുന്നത്...

ഇക്കഴിഞ്ഞ ജൂലൈ 31 തിങ്കളാഴ്ചയായിരുന്ന ജൂതരുടെ പ്രാർത്ഥനാ ദിനമായ തിഷ്ബ-ഏവ്. പൂർണ ഉപവാസത്തോടെയും വേർപാടോടെയും തങ്ങൾക്കുണ്ടായ കഷ്ടതകളും ദുരന്തങ്ങളും ഓർത്ത് ദൈവമുമ്പാകെ പ്രാർത്ഥനയിൽ അടരാടിയ ദിനം. ആ പ്രത്യേക ദിനത്തിൽ അവർ ബൈബിളിൽനിന്നും വിലാപഗീതങ്ങളുടെ പുസ്തകം വായിക്കുക പതിവാണ്. കുട്ടികളും സ്ത്രീകളും ഉൾപ്പെടെ കുടുംബമായി സീയോനെ ഓർത്ത് വിലപിക്കുവാൻ കൂടുന്ന ആ ദിനം തങ്ങളുടെ മശിഹ വേഗത്തിൽ കടന്നുവരണമേയെന്നു അവർ ആശയോടെ പ്രാർത്ഥിക്കുന്നു. ഇത്തവണത്തെ പ്രാർത്ഥന കഴിഞ്ഞ നാളുകളേക്കാൾ പ്രാധാന്യമേറിയതായിരുന്നു. ടെമ്പിൾ മൗണ്ടിൽ യിസ്രായേൽ സുരാക്ഷാസൈനികരായ രണ്ടുപേർ കൊല്ലപ്പെട്ടതിനെതുടർന്നുണ്ടായ സുരക്ഷാ നിയന്ത്രണങ്ങളുടെപേരിൽ മുസ്ലീം ജനതയുടെ ശക്തമായ പ്രതിഷേധമുണ്ടായതിനുശേഷമുള്ള പ്രാർത്ഥനയായിരുന്നു അത്.

ചുറ്റിനുമുള്ള അറബ് രാജ്യങ്ങളുടെ ഭീഷണിയും വെസ്റ്റ്ബാങ്ക് കുടിയേറ്റത്തിന്റെയും പലസ്തീൻ വിഷയത്തിന്റെയുംപേരിൽ ലോകത്തിലെ ഭൂരിഭാഗം രാജ്യങ്ങളും തങ്ങളെ പിന്തുണയ്ക്കുവാൻ വിമുഖത കാട്ടുന്നതും ഐക്യരാഷ്ട്രസഭയിൽപ്പോലും തങ്ങൾ ഒറ്റപ്പെടുന്നതും യിസ്രായേലിന്റെമുമ്പിൽ വളരെ നിർണായകമായ വിഷയങ്ങളാണ്. അവരെ പിന്തുണയ്ക്കുന്ന അമേരിക്കപോലും വരുംവർഷങ്ങളിൽ എപ്രകാരമായിരിക്കും യിസ്രായേലിനുവേണ്ടി നിലനിൽക്കുക എന്നതും അവരെ സംബന്ധിച്ച് വളരെ പ്രാധാന്യമേറിയ വിഷയങ്ങളായിരിക്കുന്നു. യെരൂശലേം മുഴുവനായി യിസ്രായേലിന്റെ നിയന്ത്രണത്തിൽ വരിക എന്നത് ഇന്നത്തെ സാഹചര്യത്തിൽ അത്ര അനായാസമായ കാര്യമല്ല. ഒരു ഏറ്റുമുട്ടലിനുള്ള അന്തരീക്ഷമാണ് ടെമ്പിൾ മൗണ്ട് സംഭവവികാസങ്ങൾ വിളിച്ചറിയിക്കുന്നത്.




ടെമ്പിൾമൗണ്ട് വിഷയത്തിൽ പലസ്തീൻകാരുടെ രോക്ഷ പ്രകടനം

ദൈവമുഖം നോക്കുവാനല്ലാതെ വേറൊരു പോംവഴിയും യിസ്രായേലിനില്ലാതായിരിക്കുന്നു. ''അവരുടെ ഹൃദയം കർത്താവിനോടു നിലവിളിച്ചു; സീയോൻപുത്രിയുടെ മതിലേ രാവും പകലും ഓലോല കണ്ണുനീരൊഴുക്കുക; നിനക്കുതന്നേ സ്വസ്ഥത നൽകരുത്. നിന്റെ കൺമണി വിശ്രമിക്കയുമരുത്. രാത്രിയിൽ യാമാരംഭത്തിങ്കൽ എഴുന്നേറ്റു നിലവിളിക്ക;നിന്റെ ഹൃദയത്തെ വെള്ളംപോലെ കർത്തൃസന്നിധിയിൽ പകരുക;വീഥികളുടെ തലയ്ക്കലൊക്കെയും വിശപ്പുകൊണ്ടു തളർന്നുകിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി അവങ്കലേക്കു കൈ മലർത്തുക'' വിലാ. 2:18,19. ദൈവത്തിൽക്കൂടിമാത്രമേ തങ്ങൾക്കു ഇനി രക്ഷയുള്ളുവെന്ന സത്യം അവർ തിരിച്ചറിഞ്ഞിരിക്കുന്നു. തളിർത്ത് പൂത്തു പന്തലിച്ചിരിക്കുന്ന യിസ്രായേലിൽ വന്നിരിക്കുന്ന ഈ മാറ്റം മശിഹായുടെ വരവ് ആസന്നമായിരിക്കുന്നുവെന്നതിലേക്കാണ് വിരൽചൂണ്ടുന്നത്.

ഇന്നത്തെ യെരൂശലേം സംഭവകലുഷിതമായിരിക്കുമ്പോൾ മറ്റൊരു യെരൂശലേം ഒരുക്കപ്പെട്ടിരിക്കുന്നു എന്നത് വിസ്മരിക്കരുത്. ''യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗ്ഗത്തിൽനിന്ന് ദൈവസന്നിധിയിൽ നിന്നുതന്നെ ദൈവതേജസ്സിൽ ഉള്ളതായി ഇറങ്ങുന്നത് കാണിച്ചുതന്നു'' എന്ന് വെളി.21:10-ൽ പറയുന്നു. ഇന്നത്തെ യെരൂശലേം ഒരു മഹായുദ്ധത്തിലേക്കു ഒരുപക്ഷെ ലോകത്തെ എത്തിച്ചേക്കാം. എന്നാൽ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങുന്ന യെരൂശലേം അതു നീതിയുടെ രാജാവായ ക്രിസ്തുവിന്റെ യുഗാനയുഗമായ യെരൂശലേമാണ്. അവിടെ കഷ്ടതയില്ല;കണ്ണീരില്ല; അതു നിത്യസമാധാനത്തിന്റെ നഗരമാണ്.

**സാജൻ പോൾ**

# "മീതെയുള്ള യെരൂശലേമോ സ്വതന്ത്രയാകുന്നു"




ഇന്ന് യെരൂശലേമുമായി സംഭവിക്കുന്ന ഓരോ സംഭവങ്ങളും മുന്നമേ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നത്തെ ടെമ്പിൾ മൗണ്ടിന്റെ അവസ്ഥയെകുറിച്ച് ഗലാ.4:25-ൽ പറയുന്നത് ''ഹാഗാർ എന്നത് അറബിദേശത്ത് സീനായ് മലയെകുറിക്കുന്നു. അത് ഇപ്പോഴത്തെ യെരൂശലേമിനോട് ഒക്കുന്നു. അത് തന്റെ മക്കളോടുകൂടെ അടിമയിലല്ലോ ഇരിക്കുന്നത്. മീതെയുള്ള യെരൂശലേമോ സ്വതന്ത്രയാകുന്നു'' ഗലാ.4:26. ടെമ്പിൾ മൗണ്ട് വിഷയം വീണ്ടും ലോകശ്രദ്ധപിടിച്ചിരിക്കുന്നതും ജൂതർ യിസ്രായേലിലേക്ക് ധാരാളമായി എത്തിക്കൊണ്ടിരിക്കുന്നതും ഒപ്പം മുസ്ലീംങ്ങളും യെരൂശലേമിലേക്ക് എത്തുന്നതും അതീവപ്രാധാന്യമുള്ള ഒരു സംഭവവികാസത്തിലേക്ക് ലോകത്തെ അതിവേഗത്തിൽ കൊണ്ടെത്തിക്കുമെന്ന കാര്യം മറക്കരുത്. ഒരു വലിയ യുദ്ധത്തിലേക്ക് അത് ആനയിച്ചാൽ യുദ്ധത്തിന്റെ അന്ത്യത്തിങ്കൽ മശിഹാ യിസ്രായേലിനുവേണ്ടി മഹിമയോടെ യെരൂശലേമിലേക്ക് കടന്നുവന്നു യുദ്ധംചെയ്യും. എന്നാൽ അതിനുമുമ്പ് മശിഹാ വാനമേഘത്തിൽ തന്റെ മണവാട്ടി സഭയെചേർക്കുവാൻ കടന്നുവരികതന്നെ ചെയ്യും. അത് എത്രയും വേഗത്തിൽ തന്നെ സംഭവിക്കും എന്നതിന് സംശയമില്ല. ആസന്നമായി വാനമേഘേ പ്രത്യക്ഷത അതിനായി നമുക്ക് ഒരുങ്ങാം.

**Flame of Revival**

2.ദിനവൃത്താന്തം 7:14 പ്രകാരം ദൈവജനം ഒരുങ്ങുന്നതിലൂടെ പൊട്ടിപ്പുറപ്പെടുന്ന ഒരു യഥാർത്ഥ ആത്മിക ഉണർവ്വ് എന്ന ലക്ഷ്യവുമായി 2008 മാർച്ച് മുതൽ 'ഫ്ളെയിം ഓഫ് റിവൈവൽ' പ്രസിദ്ധീകരിക്കുന്നു. ലോകം മുഴുവൻ ഉണ്ടായ ഉണർവ്വിന്റെ വാർത്തകളും ചരിത്രസംഭവങ്ങളും ദൈവവചനവും ദൈവജനത്തിലേക്ക് എത്തിക്കുക, അതു സഭാഭേദമെന്യേയുള്ള ഒരു ആത്മിക ഉണർവ്വിനു മുഖാന്തരം ആകുക, ദൈവമക്കൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങുക ഇവ നമ്മുടെ ലക്ഷ്യ ങ്ങളാണ്. ഒരു പ്രത്യേക സഭാ വിഭാഗത്തിന്റേതല്ല ഫ്ളെയിം ഓഫ് റിവൈവൽ. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിവിധ സഭാ വിഭാഗങ്ങളിൽപ്പെട്ട ദൈവമക്കൾ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു. ആത്മിക ഉണർവ്വിനായി ആഗ്രഹിക്കുന്ന കേരളത്തിലെ ദൈവമക്കൾ നൽകുന്ന സംഭാവന മാത്രമാണ് ഇതിന്റെ പിന്നിലെ സാമ്പത്തികസ്രോതസ്. മറ്റു പ്രസ്ഥാനങ്ങളോ വിദേശീയരോ ഇതിനു പിന്നിൽ ഇല്ല.

**Flame of Revival, PB.21, Kuttapuzha.PO, Tiruvalla 689 103**
**Call: 0469 2741694, 9446115977, 9447472692, 9447104670, 9446755390, 9447958442, 9400268723**
Printed and Published by Sajan Paul, Crown of Life Ministries (Reg:100/2009/IV/TVLA) Puthenparambil buildings, Kuttapuzha.PO,Tiruvalla, Kerala 689103 Printed at Rakshtra Deepika Press,Kottayam

FOR PRIVATE CIRCULATION ONLY
അനുവാദമില്ലാതെ മാറ്ററുകൾ പുന:പ്രസിദ്ധീകരണം ചെയ്യുവാൻ പാടുള്ളതല്ല

## The Bible Says...

### അന്ത്യകാലത്ത് കള്ളപ്രവാചകന്മാരിലൂടെ അത്ഭുതങ്ങളും അടയാളങ്ങളും

''കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റ് കഴിയുമെങ്കിൽ വൃതന്മാരേയും തെറ്റിപ്പാനായി വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു'' മത്താ.24:24,25. നിർമ്മലമായ സത്യസുവിശേഷത്തെ പ്രഘോഷിക്കാതെ അത്ഭുതങ്ങളും അടയാളങ്ങളും**മാത്രം**ചെയ്തു മുന്നേറുന്നവരിൽനിന്നും നിശ്ചയമായും അകന്നുനിൽക്കുക.

# ഒരു മതിലിനപ്പുറത്തേക്കുനോക്കികൊണ്ട്

ഒരുമതിലിന് അപ്പുറമാണ് അവരുടെ പിതാക്കന്മാരുടെ ആലയം നിന്നിരുന്ന പർവ്വതം. എന്നാൽ ആ പർവ്വതത്തിൽ നിന്നുകൊണ്ട് തങ്ങളുടെ പിതാക്കന്മാർ ആരാധിച്ചതുപോലെ യിസ്രായേലിന്റെ ദൈവത്തെ ആരാധിക്കുവാൻ അവർക്ക് ഇന്നു സാധ്യമല്ല. തർക്കഭൂമിയായി നിലനിൽക്കുന്ന ഈ ഭൂപ്രദേശത്തിൻമേൽ പരിപൂർണ്ണ അധികാരം തങ്ങൾക്ക് ലഭ്യമാകാതിരിക്കുകയും അവിടം മോസ്ക് ഉള്ളതിനാൽ മുസ്ലിങ്ങൾക്ക് അവിടെ കടന്നുവന്നു പ്രാർത്ഥിക്കുവാനുള്ള അനുവാദം നൽകിയിരിക്കുന്നതും ഓരോ യെഹൂദനേയും സംബന്ധിച്ച് വളരെ ദു:ഖമുളവാക്കുന്ന ഒന്നാണ്. രണ്ടാമത്തെ ആലയം തകർക്കപ്പെട്ടപ്പോൾ അന്ന് ശേഷിച്ച പടിഞ്ഞാറേ മതിലിങ്കൽ നിന്നുകൊണ്ട് അവർ തങ്ങളുടെ ആലയം നിന്നിരുന്ന പർവ്വതത്തിലേക്കുനോക്കി പ്രാർത്ഥിക്കുന്നു. ജൂലൈ 31-തിങ്കളാഴ്ച നടന്ന പ്രാർത്ഥന ജൂതരെ സംബന്ധിച്ച് വളരെ പ്രാധാന്യമേറിയതായിരുന്നു. യിസ്രായേലിന്റെ ജൂബിലി വർഷത്തിലെ തിഷ്ബ-ഏവ് പ്രാർത്ഥനയിൽ പൂർണ ഉപവാസത്തോടെയും വേർപാടോടെയും അവർ പങ്കെടുത്തു.


ജൂതരുടെ പ്രാർത്ഥന..ജൂലൈ 2017


സീയോൻ പർവ്വതത്തിലേക്കനോക്കി ജൂതരുടെ പ്രാർത്ഥന..ജൂലൈ 2017

## ഒരിക്കൽ ബാബേൽനദീതീരത്തിരുന്ന് യെരൂശലേമിനെയോർത്ത് അവർ വിലപിച്ചെങ്കിൽ ഇന്നവർ യെരൂശലേമിൽനിന്നുകൊണ്ട് തങ്ങളുടെ ആലയത്തെയോർത്ത് വിലപിക്കുകയാണ്

സീയോനെ ഓർത്ത് വിലപിച്ച വിലാപഗീതങ്ങൾ എബ്രായ പഴയനിയമത്തിന്റെ മൂന്നാം ഭാഗത്തിൽ അഞ്ചു ചുരുളുകളിലായി ഉൾപ്പെടുത്തിയിരിക്കുന്നു. ജൂതർ യെരൂശലേമിന്റെ നാശം സ്മരിക്കുന്ന സമയമായ എബ്രായ കലണ്ടറിലെ ഹാബീബ് മാസത്തിന്റെ ഒമ്പതാം ദിവസം (ജൂലൈ മാസം) പ്രത്യേകമായി വായിക്കുന്നതിനു വിലാപഗീതങ്ങൾ വേർതിരിച്ചിരിക്കുന്നു. യിര്യമ്യാപ്രവാചകൻ വരാൻ പോകുന്ന യെരൂശലേമിന്റെ നാശത്തെക്കുറിച്ച് വിലപിക്കുമ്പോൾ അന്ന് യഹൂദജനം ബാബേലിൽ പ്രവാസികളായി കഴിയുകയായിരുന്നു. യെരുശലേം തലസ്ഥാനമാക്കികൊണ്ട് മഹിമയോടെവാണ തങ്ങളുടെ ദാവീദ് രാജാവിനെതുടർന്ന് രാജത്വത്തിന്റെ അപമാനകരമായ തകർച്ചയും അതേതുടർന്ന് ബാബേൽ രാജാവ് യെരൂശലേം നഗരം പിടിച്ചെടുത്തതും തങ്ങളുടെ ആദ്യ ദൈവാലയം തകർത്തതും ബാബിലോണിലേക്ക് ദയനീയമായി നാടുകടത്തിയതും ഓർത്ത് തീവ്രദു:ഖവും വൈകാരികമായ വേദനയും കൊണ്ട് യിരമ്യാവ് വിലാപഗീതങ്ങൾ ആലപിച്ചപ്പോൾ ദൈവിക ന്യായവിധിക്കപ്പുറത്തുള്ള ഭാവിയിലെ ദൈവജനത്തിന്റെ പ്രത്യാശയും പുന:സ്ഥാപനവും അതിൽ വിവരിച്ചിരുന്നു.

ബാബേലിൽ കഴിയുമ്പോൾ ഭാവിയെ നോക്കികൊണ്ട് പറഞ്ഞു "ഞങ്ങളുടെ അവകാശം അന്യന്മാർക്കും ഞങ്ങളുടെ വീടുകൾ അന്യജാതിക്കാർക്കും ആയ്പ്പോയിരിക്കുന്നു" (വിലാ.5:2) എന്ന്. വാസ്തവത്തിൽ അതുപോലെതന്നെ ഭവിച്ചു. അന്ന് ബാബേലിൽ ഇരുന്നുകൊണ്ട് യെരൂശലേമിലേക്കു നോക്കി അവർ വിലപിച്ചു. "ബാബേൽ നദികളുടെ തീരത്തു ഞങ്ങൾ ഇരുന്നു സീയോനെ ഓർത്തപ്പോൾ ഞങ്ങൾ കരഞ്ഞു" സങ്കീ.137:1. ആ പ്രാർത്ഥനയ്ക്ക് ഉത്തരമായി ബാബേലിലെ പ്രവാസത്തിനുശേഷം യെഹൂദാജനം യിസ്രായേലിലേക്ക് മടങ്ങിവന്നു. തകർന്ന ആലയം അവർ വീണ്ടും പണിതു. എന്നാൽ വീണ്ടും അവർ വഴിതെറ്റി. ദൈവത്തിങ്കൽനിന്നും അവർ അകന്നുപോയപ്പോൾ ലോകമെങ്ങും അവർ ചിതറപ്പെട്ടുപോയി.

നൂറ്റാണ്ടുകൾക്കുശേഷം ദൈവവചനത്തിന്റെ പ്രവചനനിവർത്തി എന്നവണ്ണം ലോകമെങ്ങും ചിതറിപ്പോയ യഹൂദാജനം വീണ്ടും അലിയയായി സ്വന്തം ദേശത്തേക്ക് കടന്നുവരുവാൻ തുടങ്ങി. അൻപത്തഞ്ചുലക്ഷത്തോളം ജൂതർ യിസ്രായേലിൽ എത്തിക്കഴിഞ്ഞു. ഇന്നവർ വിലപിക്കുന്നത് യെരൂശലേമിൽനിന്നും അങ്ങ് വിദൂരതയിൽ ഇരുന്നല്ല; മറിച്ച് വാഗ്ദത്തദേശത്ത് നിന്നുതന്നേ ആയിരുന്നു. പഴയ യെരൂശലേം നഗരത്തിന്റെ പടിഞ്ഞാറൻ മതിലിങ്കൽ അവർ പ്രാർത്ഥനയ്ക്കായി കടന്നു വരുന്നു. ലോകാന്ത്യത്തിങ്കൽ പരമപ്രധാനമായ സംഭവങ്ങൾക്ക് ജൂതർ സാക്ഷിയാവാൻ പോകുന്ന ഈ വേളയിൽ അവർ കരയുന്നത് യെരൂശലേം നഗരത്തിൽനിന്നുകൊണ്ട് തന്നെ എന്നത് വളരെ ശ്രദ്ധേയമായ സംഗതിയാണ്. "ഞങ്ങളുടെ പിതാക്കന്മാർ പാപം ചെയ്തു. ഇല്ലാതെയായിരിക്കുന്നു; അവരുടെ അകൃത്യങ്ങൾ ഞങ്ങൾ ചുമക്കുന്നു. ദാസന്മാർ ഞങ്ങളെ ഭരിക്കുന്നു" വിലാ5:7-ൽ പറയുന്ന വചനങ്ങൾ അപ്പാടെ ഏറ്റെടുത്തുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ "യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിനു ഞങ്ങളെ മടക്കിവരുത്തേണമേ" (വിലാ.5:21) എന്ന പ്രാർത്ഥനയും വിലാപഗീതങ്ങളിൽനിന്നും അവർ വീണ്ടും വീണ്ടും വായിക്കുന്നു.

അബ്രഹാം പിതാവ് തന്റെ മകനായ യിസ്ഹാക്കിനെ ദൈവിക നിയോഗപ്രകാരം യാഗം കഴിക്കുവാൻ കൊണ്ടുപോയ മോരിയാമല അഥവാ ഇന്നത്തെ ടെമ്പിൾ മൗണ്ട് എന്ന പർവ്വതമേഖല തങ്ങളുടെ പൂർണ ആധിപത്യത്തിൽ ആകണം എന്നത് ജൂതരുടെ പ്രാധാനലക്ഷ്യം തന്നെയാണ്. ആ ലക്ഷ്യത്തിന്റെ നിവർത്തീകരണം എന്നത് ലോകത്തെ കിടുകിടാ വിറപ്പിക്കുന്ന സംഭവവികാസങ്ങളിലേക്ക് ആനയിക്കും എന്നതിന് സംശയമില്ല. ടെമ്പിൾ മൗണ്ടിൽ മൂന്നാമതൊരു ആലയം പണിയും എന്ന ജൂതരുടെ ദൃഢനിശ്ചയത്തോടെയുള്ള മുന്നേറ്റത്തെ തടയുവാൻ ലോകത്തിനു സാധ്യമല്ല. അവരുടെ ലക്ഷ്യനിർവ്വഹണത്തിനായി യിസ്രായേലിന്റെ ഭരണാധിപന്മാരും സർവ്വസൈന്യവും ജനങ്ങളെല്ലാംചേർന്ന് അവർ ഒന്നടങ്കം തയ്യാറായിരിക്കുകയണ്. സഹസ്രാബ്ദങ്ങൾ പിന്നിട്ട ദൈവജനമായ യിസ്രായേലിന്റെ വാഗ്ദത്തങ്ങൾ ഓരോന്നോരോന്നായി നിറവേറപ്പെട്ട് കാലം അതിന്റെ അന്ത്യത്തിങ്കൽ എത്തിനിൽക്കുകയും ചെയ്യുന്ന ഈ സമയം ഏറെ പ്രാധാന്യമേറിയതാണ്.

വിലാപഗീതങ്ങൾ യിരമ്യാവ് എഴുതിയ കാലഘട്ടം 2600-ൽപ്പരം വർഷം മുൻപായിരുന്നു."പണ്ടത്തെപ്പോലെ ഒരു നല്ലകാലം വരുത്തണമെ" എന്നവർ അന്ന് പ്രാർത്ഥിച്ചപ്പോൾ അവരുടെ വീണ്ടെടുപ്പുകാരൻ അവരുടെമദ്ധ്യേ കടന്നുവരുവാൻ അധികകാലം വേണ്ടിവന്നില്ല; "അവൻ സ്വന്തത്തിലേക്കുവന്നു; സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല" മശിഹായുടെ വരവ് ഉൾക്കൊള്ളുവാൻ അന്നവർക്ക് കഴിയാതെപോയി. മശിഹയായ യേശുവിനെ അവർ ക്രൂശിച്ചു. മരണത്തെ ജയിച്ച മശിഹായുടെ കല്ലറ അവരുടെ നാട്ടിൽ തന്നെ തുറന്നിരിക്കുന്നു. ആക്ഷരിക യിസ്രായേൽ തളിർത്തു പന്തലിച്ച അത്തിവൃക്ഷമായി പ്രഭപരത്തുമ്പോൾ മറുഭാഗത്ത് മറ്റൊരു യിസ്രായേലും തയ്യാറാക്കപ്പെട്ടിരിക്കുന്നു. അത് മശിഹായുടെ മണവാട്ടി സഭയായ പുതിയനിയമ യിസ്രായേൽ ആണ്. ചരിത്രത്തിലെ അതിപ്രധാന സംഭവങ്ങൾ അതിവേഗം നടന്നുകൊണ്ടിരിക്കുമ്പോൾ മശിഹാ തങ്ങളെ ചേർക്കാൻ വാനമേഘത്തിൽ അതിവേഗം കടന്നുവരാൻ പോകുന്നു എന്നു മണവാട്ടിസഭ പ്രത്യാശിക്കുന്നു. ആക്ഷരിക യിസ്രായേലിനു വേണ്ടി മശിഹാ പ്രത്യക്ഷമാകുംമുമ്പ് ആത്മിക യിസ്രായേലിനുവേണ്ടി വാനമേഘത്തിൽ മശിഹാ കടന്നുവരും. ആകയാൽ നമുക്കും പ്രാർത്ഥിക്കാം "യഹോവേ, ഞങ്ങൾ മടങ്ങിവരേണ്ടതിനു ഞങ്ങളെ മടക്കിവരുത്തേണമേ; ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ല കാലം വരുത്തേണമെ എന്ന്".



# വിലാപഗീതങ്ങളുമായി പടിഞ്ഞാറേമതിലിൽ



**യെരൂശലേമിന്റെ ദുരവസ്ഥയെകണ്ട് കരയാൻ ഒരു ദിനം**

# "യഹോവയുടെ ആലയമുള്ള പർവ്വതം.. കുന്നുകൾക്കുമീതെ ഉന്നതമായിരിക്കും"


യെശ.2:2

## ആലയത്തിന്റെ ചരിത്രം


**BC 1446** സീനായിൽ സമാഗമനകൂടാരത്തിന്മേൽ മേഘത്തിൽ യഹോവയുടെ സാന്നിദ്ധ്യം പുറ.40:34,35
**BC 1399** ശീലോവിൽ 305 വർഷം നിയമപ്പെട്ടകവും സമാഗമന കൂടാരവും യോശു.18:1
**BC 1300**
**BC 1200**
**BC 1100**

**BC 1093** 92 വർഷം നിയമപ്പെട്ടകം കിര്യത്ത് യെരാമിൽ 1 ശമു.7:1
**BC 1094** പലസ്തീൻകാർ ശീലോവു തകർക്കുന്നു. സമാഗമനകൂടാരം 76 വർഷം നോബിൽ 1 ശമു.5:1
**BC 1018** നോബിലെ പുരോഹിതന്മാരെ ശൗൽ കൊല്ലുന്നു. 58 വർഷം കൂടാരം ഗിബയോനിൽ 1 ശമു.22
**BC 1001** ഓർന്നാന്റെ നിലംവാങ്ങി ദാവീദ് യാഗം കഴിക്കുന്നു 1 ദിന.21
ഉസ്സ മരിക്കുന്നു. നിയമപ്പെട്ടകം ഓബേദ് ഏദോമിന്റെ വീട്ടിൽ 3 മാസം 2 ശമു.6
തുടർന്ന് യെരുശലേമിലേക്ക് ദാവീദ് കൊണ്ടുവരുന്നു. 2 ശമു.6
ദാവീദിന്റെ മകൻ ശലോമോൻ യെരുശലേം ദൈവാലയം പണിയുന്നു 1 രാജ.6
**BC 960** മോശെയുടെ സമാഗമനകൂടാരത്തിനു സമാപ്തി
യെരുശലേം ദൈവാലയത്തിന്റെ പണി ശലോമോൻ പൂർത്തീകരിച്ചു 2 ദിന.7:11
ദാവീദിന്റെ മരണത്തിനുശേഷം ഏഴാം വർഷത്തിലാണ് ആലയപണി പൂർത്തീകരിച്ചത് 1 ദിന.22



**BC 926** ശീശെക് ആലയം കവർന്നു ഉപകരണങ്ങൾ എടുത്തുകൊണ്ടുപോയി 1 രാജാ.14:26
**BC 900**
**BC 835** യെഹോവാശ് ആലയം കേടുപാടു തീർത്തു 2 രാജാ.12
**BC 732** മനശെ ആലയത്തിൽ അശേരാപ്രതിഷ്ഠയുടെ ബലിപീഠം പണിതു 2 രാജാ.21:3-5
**BC 701** യെഹസ്കിയാവ് ആലയത്തിൽ ആരാധന പുനസ്ഥാപിച്ചു 2 ദിന.29
എന്നാൽ ആലയത്തിന്റെ സ്വർണവും വാതിലുകളും വിറ്റുകളഞ്ഞു 2 രാജാ.18:16
**BC 623** യോശിയീവ് ആലയത്തിന്റെ കേടുപാടു തീർത്തു 2 രാജാ.22
ആലയത്തിൽ പൂർണമായ ആരാധന പുനസ്ഥാപിച്ചു 2 ദിന.35
**BC 587** നെബൂഖദ്നേസർ ആലയം തകർത്തു 2 ദിന.29
**BC 520** സെരൂബാബേൽ രണ്ടാമത് ആലയം പണിയുന്നു എസ്രാ.1
**BC 500**
**BC 400**
**BC 300**
**BC 200**
**BC 100**

**BC 20** ഹെരോദാവ് ആലയം പുതുക്കി പണിതു.

യേശുക്രിസ്തുവിന്റെ ജനനം... മരണം..ഉയർത്തെഴുന്നേൽപ്പ്...പുനരുത്ഥാനം
ആലയം കല്ലിന്മേൽ കല്ല് അവിടെ ശേഷിക്കയില്ല എന്ന് യേശു പറഞ്ഞു മത്താ.24:2





ക്രിസ്തുസഭയ്ക്ക് ആരംഭം..ദൈവമക്കൾ ദൈവത്തിന്റെ ആലയം 1 കൊരി.3:16
**AD 70** റൈറ്റസ് രണ്ടാമത്തെ ആലയം തകർത്തുകളഞ്ഞു..ജൂതർ ലോകമെങ്ങും ചിതറപ്പെടുന്നു
യെരുശലേം പൂർണ്ണമായും യെഹൂദന്മാർക്കു നഷ്ടപ്പെടുന്നു
**AD 692** ഡോം ഓഫ് ദ റോക്ക് അവിടെ പണിയപ്പെട്ടു
**AD 1917** യെഹൂദന് ജന്മഭൂമി ഉണ്ടാകുന്നതിനെ പിന്തുണയ്ക്കുന്ന ബ്രിട്ടന്റെ പ്രഖ്യാപനം
**AD 1948** യിസ്രായേൽ രാജ്യം വീണ്ടും ഭൂമിയിൽ സ്ഥാപിതമായി
**AD 1967** ആറുദിന യുദ്ധത്തിൽക്കൂടി യെരുശലേം യെഹൂദന്മാരുടെ കൈവശമാകുന്നു
**AD 2017** മൂന്നാമത്തെ ആലയത്തിനു തയ്യാറെടുപ്പുകളുമായി ജൂതരുടെ കാത്തിരിപ്പ് തടരുന്നു

"അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം
പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും
കുന്നുകൾക്കുമീതെ ഉന്നതവുമായിരിക്കും.
സകല ജാതികളും അതിലേക്കു ഒഴുകിചെല്ലും" (യെശ.2:2).

## പ്രാർത്ഥനാ വിഷയങ്ങൾ

1. അബ്രഹാം യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ കൊണ്ടുപോയ പർവ്വതമായ മോരിയ അഥവാ സീയോൻ പർവ്വതം ഇന്ന് അസ്വസ്ഥമായിരിക്കുകയാണ്. ശലോമോൻ ദൈവാലയം പണിത പർവ്വതത്തിലേക്ക് കടന്നുചെന്ന് പരസ്യമായിനിന്നുകൊണ്ട് പ്രാർത്ഥിക്കുവാൻ ജൂതർക്ക് ഇന്ന് അനുവാദമില്ല. ഇക്കാരണത്താൽ അവരുടെ മനം ഏറെ അസ്വസ്ഥമാവുകയാണ്. ഇക്കഴിഞ്ഞ ജൂലൈ 31-ന് നടന്ന അവരുടെ തിഷബ്-ഏവ് പ്രാർത്ഥനാ ദിനത്തിനു മുന്നോടിയായി ടെമ്പിൾ മൗണ്ടിൽ യിസ്രായേലിന്റെ രണ്ട് സൈനികർ കൊല്ലപ്പെടാൻ ഇടയായ സംഭവം വളരെ കോളിളക്കം സൃഷ്ടിക്കയുണ്ടായി. ജൂതർക്ക് പ്രാർത്ഥനാ സ്വാതന്ത്ര്യം ലഭ്യമാകേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കണം.

2. സീയോൻ പർവ്വതം ജൂതർ പരിപാവനമായി കാണുന്ന സ്ഥലമാണ്. എന്നാൽ അവിടേക്കു കടന്നുവരുന്ന വിജാതീയരായ സന്ദർശകർ അതിനു തക്കതായ പ്രാധാന്യം നൽകാതിരിക്കുന്നത് യഹൂദനെ വളരെ നിരാശരാക്കുന്നു. യിസ്രായേൽ സൈനികരുടെ കൊലപാതകം നടന്നതുതന്നെ അതിനോരു ഉദാഹരണമാണ്. മെറ്റൽ ഡിറ്റക്ടറുകൾ സഹിതമുള്ള സുരക്ഷാ ക്രമീകരണങ്ങൾ യിസ്രായേൽ ഒരുക്കിയത് അതുകൊണ്ടായിരുന്നു. എന്നാൽ ഇനിയും ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ യഹൂദന് നിയന്ത്രണം നഷ്ടപ്പെടും. അങ്ങനായാൽ അത് വലിയ സംഭവങ്ങളിലേക്ക് ലോകത്തെ വലിച്ചിഴയ്ക്കും. " യെരൂശലേമിന്റെ സമാധാനത്തിനായി പ്രാർത്ഥിപ്പിൻ" സങ്കീ.122:6.

3. ടെമ്പിൾമൗണ്ട് ഉൾപ്പടെയുള്ള യിസ്രായേലിന്റെ വിഷയത്തിൽ ഐക്യരാഷ്ട്രസഭയിൽ യിസ്രായേലിന് അനുകൂലമായുള്ള നിലപാട് കുറഞ്ഞു വരികയാണ്. യിസ്രായേൽ കുടിയേറ്റത്തിനെതിരെ 2016-ൽ യു.എൻ വോട്ടെടുപ്പിൽ ഭൂരിഭാഗം രാജ്യങ്ങളും യിസ്രായേലിനെതിരായി വോട്ട് രേഖപ്പെടുത്തി. 2017-ൽ വെസ്റ്റ്ബാങ്കിലെ ഹെബ്രോന് യുനെസ്കോ പൈതൃക പദവി പ്രഖ്യാപിച്ചു. ഇതെല്ലാം യിസ്രയേലിന്റെ ശക്തമായ പ്രതിഷേധത്തിനു ഇരയാക്കിയിരിക്കുന്ന വിഷയങ്ങളാണ്. ദൈവത്തിങ്കലേക്കു മാത്രം ഉറ്റുനോക്കുവാൻ അവരെ പ്രേരിപ്പിക്കുന്ന കാര്യങ്ങളാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ദൈവാശ്രയ ബോധം എല്ലാ ജൂതരിലും സംജാതമാകേണ്ടതിനായി പ്രാർത്ഥിക്കണം.

4. ജൂതർക്കെതിരെ പലരാജ്യങ്ങളിലും അക്രമണം നടക്കുന്നുണ്ട്. കേരളത്തിൽ കൊടൈക്കനാലിൽ അവിടം സന്ദർശിക്കുന്ന ജൂതരെ ഭീകര പ്രവർത്തകരായ ഐ.എസ് ആക്രമിക്കുവാൻ ഇടയുണ്ടെന്ന് ഇന്റിലിജൻസ് റിപ്പോർട്ടുകൾ പറയുന്നു. ലോകമെങ്ങുമുള്ള യെഹൂദാ ജനതയുടെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുക.

5. ജൂതരുടെ അലിയ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇനി മുന്നോട്ടുള്ള സമയങ്ങൾ തങ്ങളെ സംബന്ധിച്ച് വളരെ നിർണായകമെന്ന് അവർ അറിയുന്നു. യിസ്രായേൽ വെസ്റ്റ്ബാങ്ക് കുടിയേറ്റം, ടെമ്പിൾ മൗണ്ട് വിഷയങ്ങൾ നിമിത്തം ജൂതവിരോധം ലോകമെങ്ങും പടർന്നുകൊണ്ടിരിക്കുന്നു. ജൂതർ അനുഗ്രഹിക്കപ്പെട്ട ജനതയാണെന്ന് ദൈവവചനം പറയുന്നു. എന്നാൽ അവർക്കെതിരെയുള്ള തെറ്റായ വാർത്തകൾ മാധ്യമങ്ങൾ നൽകാതിരിക്കേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കുക.

6. ആദ്യത്തെ ആത്മിക ഉണർവ്വ് ഉണ്ടായിട്ടുള്ളത് യെരൂശലേമിലും യെഹൂദാജനതയുടെ മധ്യേയുമായിരുന്നു. വീണ്ടുമൊരു ഉണർവ്വ് ജൂതരുടെമധ്യേ പൊട്ടിപ്പുറപ്പെടേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കേണമെ.

## അന്ത്യകാലത്തെ അത്ഭുതസംഭവങ്ങൾ


അന്ത്യകാലത്തെ ഒട്ടനവധി അദ്ഭുത സംഭവങ്ങൾ നടക്കുന്നത് യിസ്രായേലിനോടുള്ള ബന്ധത്തിലായിരിക്കും. 1948-നു വീണ്ടും ഒരു രാജ്യമായി ഭൂപരപ്പിൽ നിലവിൽവന്ന യിസ്രായേൽ കഴിഞ്ഞ 69 വർഷങ്ങൾകൊണ്ട് ലോകത്ത് മറ്റേതു രാജ്യത്തിനും നൽകാൻ കഴിയാത്തത്ര സംഭവാന കൃഷി,സാങ്കേതികം,വാണിജ്യം എന്നീ മേഖലകളിൽ നൽകുകയുണ്ടായി. യഹൂദന്റെ കണ്ടുപിടുത്തങ്ങൾ ലോകത്തിനു ഏറ്റം വിലപ്പെട്ടവയാണ്. നോബേൽ സമ്മാനങ്ങൾ അവർ വാരിക്കൂട്ടുന്നു.



# ബൈബിൾ പഠനം

19

## ദൂതന്റെ കയ്യിലിരിക്കുന്ന തുറന്ന ചെറിയ പുസ്തകം



**ദൂതൻ നിർദ്ദേശിച്ച പ്രകാരം യോഹന്നാൻ ആ ചെറു പുസ്തകം വാങ്ങി തിന്നു. അതു പ്രവാചകന്റെ വായ്ക്കു മധുരവും തിന്നു കഴിഞ്ഞപ്പോൾ വയറിനു കൈപ്പുമായി മാറി. ഇതിൽ നിന്നും നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നത്, ദൈവത്തിൽനിന്നു ലഭിച്ച ദൂത് മറ്റനേകം വംശങ്ങളോടും ജാതികളോടും വിവിധ ഭാഷക്കാരോടും രാജാക്കന്മാരോടും പ്രവചിക്കുംവരെയും അതു പ്രവാചകനെ അസ്വസ്ഥനാക്കി എന്നതാണ്.**

# വെളിപ്പാട് പുസ്തകം

അദ്ധ്യായം 10

**അനിൽ വർഗ്ഗീസ്**

ബലവാനായ മറ്റൊരു ദൂതൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങുന്നതു ഞാൻ കണ്ടു. അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലു ധരിച്ചും മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോലെയും ഉള്ളവൻ. അവന്റെ കയ്യിൽ തുറന്നൊരു ചെറുപുസ്തകം ഉണ്ടായിരുന്നു. അവൻ വലങ്കാൽ സമുദ്രത്തിന്മേലും ഇടങ്കാൽ ഭൂമിമേലും വെച്ചു. സിംഹം അലറുംപോലെ അത്യുച്ചത്തിൽ ആർത്തു. ആർത്തപ്പോൾ ഏഴു ഇടിയും നാദം മുഴക്കി" വാക്യം 1-3.

ആറും ഏഴും കാഹളങ്ങളുടെ ഇടവേളയാണ് 10-ാംഅധ്യായം. ബലവാനായ മറ്റൊരു ദൂതനെപ്പറ്റി ഇവിടെ വിവരിക്കുന്നു. ഇത് ക്രിസ്തുവാണെന്ന് ഒരു ചിന്തയുണ്ട്. അതിനു കാരണം ക്രിസ്തുവിനെപ്പറ്റിയുള്ള വിവരണങ്ങൾ പലതും ഇവിടെയും ഒത്തുവരുന്നതുകൊണ്ടാണ്. എന്തായാലും പ്രവാചകൻ അത്തരമൊരു വ്യക്തത നൽകാത്തതിനാൽ ഒരു ബലവാനായ ദൂതൻ എന്ന നിലയിൽ കാണുന്നതാണ് അഭികാമ്യം. അവൻ മേഘം ഉടുത്തും തലയിൽ ആകാശവില്ലു ധരിച്ചും ആയിരിക്കുന്നു. ആകാശവില്ല് ദൈവിക ഉടമ്പടിയുടെ മുദ്രയാണ്. ദൂതന്റെ മുഖം സൂര്യനെപ്പോലെയും കാൽ തീത്തൂണുപോലെയും ഉള്ളവൻ. ദൈവിക വിശുദ്ധിയിൽ മഹത്വം വെളിപ്പെടുത്തുന്ന ഈ ദൂതൻ ദൈവത്തിന്റെ ഒരു പ്രധാനദൂതൻ തന്നെയായിരിക്കണം. വലതുകാൽ സമുദ്രത്തിന്മേലും ഇടതുകാൽ ഭൂമിയുടെമേലും വച്ചിരിക്കുന്ന ഈ ദൂതന് അതിന്റെ മേലുള്ള അധികാരമായിരിക്കാം ഇതിലൂടെ വെളിപ്പെടുത്തുന്നത്. ഭൂമിയിലെ സർവ്വജീവജാലങ്ങളെയും ഭയപ്പെടുത്തുന്നതായ സിംഹത്തിന്റെ അലർച്ചയുടെ ശബ്ദം എന്നപോലെ അത്യുച്ചത്തിലുള്ള ആർത്തനാദം ദൂതനിൽനിന്ന് പുറപ്പെട്ടു. ഇതോടനുബന്ധിച്ച് ഏഴു ഇടിനാദം മുഴങ്ങി. അഞ്ചാം അധ്യായത്തിൽ മുദ്രയിടപ്പെട്ട പുസ്തകത്തെപ്പറ്റി പറഞ്ഞിരിക്കുമ്പോൾ ഇവിടെ തുറന്നൊരു ചെറിയ പുസ്തകമാണ് ദൂത ന്റെ കയ്യിലുള്ളത്.

വാക്യം.4

"ഏഴു ഇടിനാദം മുഴക്കിയപ്പോൾ ഞാൻ എഴുതുവാൻ ഭാവിച്ചു. എന്നാൽ ഏഴു ഇടി മുഴക്കിയതു എഴുതാതെ മുദ്രയിട്ടേക്ക എന്നു സ്വർഗ്ഗത്തിൽനിന്നൊരു ശബ്ദം കേട്ടു"

ഏഴു ഇടിനാദത്തിന്റെ വിവരണം പ്രവാചകൻ എഴുതുവാൻ താൽപ്പര്യപ്പെട്ടുവെങ്കിലും സ്വർഗ്ഗത്തിൽ നിന്നും അതു എഴുതാതെ മുദ്രയിട്ടേക്കുവാൻ കല്പന ഉണ്ടായി. മനുഷ്യൻ അതു ഗ്രഹിക്കുവാൻ ദൈവം താൽപ്പര്യപ്പെടുന്നില്ല. അതിനാൽതന്നെ അതിനെപ്പറ്റിയുള്ള ഊഹാപോഹങ്ങൾക്ക് ശ്രമിക്കാതിരിക്കുന്നതാണ് ഉത്തമം. ദാനിയേൽ 8:26-ൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവവചനത്തിൽ മുദ്രയിടപ്പെട്ട മറ്റു പ്രവചനങ്ങളും കാണാം.

വാക്യം.5,6,7

"സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്നവനായി ഞാൻ കണ്ട ദൂതൻ വലങ്കൈ ആകാശത്തേക്കു ഉയർത്തി. ഇനി കാലം ഉണ്ടാകയില്ല. ഏഴാമത്തെ ദൂതൻ കാഹളം ഊതുവാനിരിക്കുന്ന നാദത്തിന്റെ കാലത്തു ദൈവത്തിന്റെ മർമ്മം അവൻ തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്തതുപോലെ നിവൃത്തിയാകുമെന്ന് ആകാശവും അതിലുള്ളതും ഭൂമിയും അതിലുള്ളതും സമുദ്രവും അതിലുള്ളതും സൃഷ്ടിച്ചവനായി എന്നന്നേക്കും ജീവിച്ചിരിക്കുന്നവനെച്ചൊല്ലി സത്യം ചെയ്തു"

ദൂതൻ വളരെ പ്രധാനമായ ഒരു വസ്തുത വെളിപ്പെടുത്തുന്നതിനു മുമ്പായി തന്റെ വലങ്കൈ ഉയർത്തിപ്പിടിക്കുന്നു. ഇനി കാലം ഉണ്ടാകയില്ല എന്നതുകൊണ്ടു ഗ്രഹിക്കേണ്ടത് ഒരു പുതിയ യുഗത്തിന് ആരംഭമാണെന്നാണ്. കാലഗതികളെ നിയന്ത്രിക്കുന്ന പ്രപഞ്ചശക്തികളെല്ലാം ഇല്ലാതെയാകും. ഇവിടെ ദൂതൻ സത്യം ചെയ്യുന്നത് വളരെ ശ്രദ്ധേയമാണ്.

സർവ്വശക്തനായ ദൈവത്തെ ചൊല്ലിയാണ് ദൂതൻ സത്യം ചെയ്യുന്നത്. വരും കാലത്ത് സംഭവിപ്പാൻ പോകുന്ന കാര്യത്തിനും അപ്പുറം നിന്നുകൊണ്ടാണ് ദൂതൻ പറയുന്നത്. ഇതുവരെ ഏഴാമത്തെ ദൂതൻ കാഹളമൂതിയതായി പറയുന്നില്ല. മറിച്ച് 11-ാം അധ്യായം 15-ാം വാക്യത്തിലാണ് അതു സംഭവിക്കുന്നത്. അത് ദൈവത്തിന്റെ മർമ്മമായി പറഞ്ഞിരിക്കുന്നു. അത് തന്റെ ദാസന്മാർക്ക് ദൈവം വെളിപ്പെടുത്തുന്നത് ഏഴാം കാഹളമൂതുമ്പോഴാണ്. അനന്തകാല നിത്യതയെപ്പറ്റി മുൻകൂട്ടി ദൂതൻ സത്യം ചെയ്ത് ഉറപ്പിക്കുന്നു. ആദിയും അവസാനവുമില്ലാത്ത അനന്തകാല ദൈവിക നിത്യതയിൽ നിന്നും കുറച്ചു സമയം അടർത്തിയെടുത്തതായിരിക്കണം. മാനവരാശി ഭൂപരപ്പിൽ അധിവസിച്ചകാലഘട്ടം. അതിന്റെ അവസാനത്തിൽ വീണ്ടും നിത്യതയിലേക്ക് ചേർക്കപ്പെടുകയാണ്.

വാക്യം.8

" ഞാൻ സ്വർഗ്ഗത്തിൽ നിന്നുകേട്ട ശബ്ദം പിന്നെയും എന്നോടു സംസാരിച്ചു. നീ ചെന്നു സമുദ്രത്തിന്മേലും ഭൂമിമേലും നിൽക്കുന്ന ദൂതന്റെ കയ്യിൽ തുറന്നിരിക്കുന്ന പുസ്തകം വാങ്ങുക എന്നു കല്പിച്ചു".

ദൂതന്റെ കരങ്ങളിലുള്ള ചെറുപുസ്തകം വാങ്ങുവാൻ സ്വർഗ്ഗത്തിൽ നിന്നും പ്രവാചകനോട് കല്പന ഉണ്ടായി. ഇവിടെ നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്നത് പ്രവാചകൻ പൂർണ്ണമായും ദൈവഹിതത്തിനു വിധേയപ്പെട്ടാണ് ഈ ശുശ്രൂഷ നടത്തിയത് എന്നാണ്.

വാക്യം.9,10,11

"ഞാൻ ദൂതന്റെ അടുക്കൽ ചെന്നു ആ ചെറുപുസ്തകം തരുവാൻ പറ ഞ്ഞു. അവൻ എന്നോടു നീ ഇതു വാങ്ങി തിന്നുക,അതു നിന്റെ വയറ്റിനെ കൈപ്പിക്കും എങ്കിലും വാ യിൽ തേൻപോലെ മധുരിക്കും എന്നു പറഞ്ഞു. ഞാൻ ദൂതന്റെ കയ്യിൽനിന്നും ചെറുപുസ്തകം വാങ്ങിതിന്നു. അതു എന്റെ വായിൽ തേൻപോലെ മധുരമായിരുന്നു. തിന്നുകഴിഞ്ഞപ്പോൾ എന്റെ വായ് കൈച്ചുപോയി. അവൻ എന്നോടു: നീ ഇനിയും അനേകം വംശങ്ങളേയും ഭാഷകളേയും രാജാക്കന്മാരേയും കുറിച്ചു പ്രവചിക്കേണ്ടിവരും എന്നു പറഞ്ഞു"

യെഹസ്ക്കേൽ പ്രവചനം 2,3 അദ്ധ്യായങ്ങളിൽ പ്രവാചകൻ ദർശിച്ചതിനു സമമായിട്ടാണ് ഇവിടെ യോഹന്നാനുണ്ടായ അനുഭവം. 2പത്രോസ് 1:21-ൽ പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ എന്നു എഴുതിയിരിക്കുന്നു. ഇവിടെ ദൂതൻ നിർദ്ദേശിച്ച പ്രകാരം യോഹന്നാൻ ആ ചെറു പുസ്തകം വാങ്ങി തിന്നു. അതു പ്രവാചകന്റെ വായ്ക്കു മധുരവും തിന്നു കഴിഞ്ഞപ്പോൾ വയറിനു കൈപ്പുമായി മാറി. ഇതിൽ നിന്നും നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നത്, ദൈവത്തിൽ നിന്നു ലഭിച്ച ദൂത് മറ്റനേകം വംശങ്ങളോടും ജാതികളോടും വിവിധ ഭാഷക്കാരോടും രാജാക്കന്മാരോടും പ്രവചിക്കുംവരെയും അതു പ്രവാചകനെ അസ്വസ്ഥനാക്കി എന്നതാണ്.

തുടരും

**വിലാസം മാറുമ്പോൾ അറിയിക്കുക**

ഫ്ളെയിം ഓഫ് റിവൈവൽ പോസ്റ്റൽ/കൊരിയർ മാർഗം ലഭിക്കുന്നവർ തങ്ങളുടെ വിലാസത്തിൽ മാറ്റം ഉണ്ടാകുമ്പോൾ ദയവായി വിവരം അറിയിക്കണമെ. എല്ലാ മാസവും ഇവിടെ നിന്നും ഫ്ളെയിം പോസ്റ്റ് ചെയ്യുന്നുണ്ട്. എന്നാൽ പത്രം എല്ലാ മാസവും ലഭിക്കുന്നില്ലാ എങ്കിൽ പോസ്റ്റ് ഓഫീസിൽ തിരക്കുന്നതോടൊപ്പം ഓഫീസിൽ വിവരം അറിയിക്കുമല്ലോ. വാർഷിക വരിസംഖ്യ നൂറുരൂപ മണിയോർഡറായി അയക്കാവുന്നതാണ്.

ഫോൺ: 0469 2741694, 9447104670, 9447105072

ഫ്ളെയിം ഓഫ് റിവൈവൽ, പി,ബി.നമ്പർ 21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല 689103

**For Urgent Prayer Call Us**

09447958442, 09446755390, 0469 2741694

**വെളിപ്പാട് പുസ്തക പഠനം സംബന്ധിച്ച സംശയങ്ങൾക്ക് വിളിക്കേണ്ടിയ നമ്പർ:**

9447561373 ബ്ര.അനിൽ വർഗ്ഗീസ്

# മൂന്നാമത്തെ ആലയത്തിനായി



ഹെരോദാവ് പുതുക്കി നിർമ്മിച്ച രണ്ടാമത്തെ ആലയത്തിന്റെ മാതൃക

ദാവീദ് രാജാവിനോട് യഹോവയായ ദൈവം ചോദിച്ചതാണ്, ''എനിക്ക് നീ ഒരു ആലയം പണിയുമോ?'' എന്നാൽ ഭൂമിയിൽ ബഹുരക്തം ചീന്തിയതിനാൽ ആലയം പണിയുവാൻ ദാവീദിനെ ദൈവം അനുവദിച്ചില്ല (1 ദിന.22:8,9) എന്നാൽ അവന്റെ മകൻ ശലോമോൻ ആലയം പണിയുമെന്ന് ദൈവം പറഞ്ഞു. ക്രിസ്തുവിനു മുമ്പ് 950-ബി.സിയിൽ ശലോമോൻ ആദ്യത്തെ ആലയം പണിതു. എന്നാലത് ബി.സി 587-ൽ ബാബിലോണ്യക്കാർ തകർത്തു. വീണ്ടും ബി.സി 520-ൽ രണ്ടാമത്തെ ആലയം സെരൂബാബേലിന്റെ നേതൃത്വത്തിൽ പണിതു. ഹെരോദാവ് അതു പുതുക്കി പണിതു ചുറ്റുമതിൽ നിർമ്മിച്ചു. റ്റൈറ്റസ് ക്രിസ്തുവിനുശേഷം എ.ഡി 70 -ൽ അതു പൂർണ്ണമായും തകർത്തു കളഞ്ഞു. ജൂതർ ഭൂലോകമെങ്ങും ചിതറപ്പെട്ടുപോയതിനാൽ നൂറ്റാണ്ടുകൾ അവർക്ക് മൂന്നാമത് ഒരു ആലയം എന്നത് സ്വപ്നംപോലും കാണാനായില്ല. എന്നാൽ ദൈവവചനത്തിന്റെ വാഗ്ദത്തമനുസരിച്ച് അവർ യെരൂശലേമിൽ തിരികെ എത്തിയതിനുശേഷം മൂന്നാമത്തെ ആലയം പണിയുവാൻ അവർ ഒരുക്കങ്ങൾ നടത്തിയിരിക്കുകയാണ്. അതു സഫലമാകേണ്ടതിനായി അവർ ക്ഷമയോടെ കാത്തിരിക്കുകയാണ്.

ടെമ്പിൾ മൗണ്ട്; എബ്രായ ഭാഷയിൽ 'ഹാർ ഹാ ബായിത്'. അഥവാ സീയോൻ പർവ്വതം യെരൂശലേം പട്ടണത്തിലെ ഒരു കുന്നിൻ പ്രദേശമാണ് ടെമ്പിൾ മൗണ്ട്. ഭൂലോകത്തിന്റെ മധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന യെരൂശലേം നഗരത്തിന്റെ ഈ ഭൂപ്രദേശം ലോകജനതയിൽ ഭൂരിഭാഗത്തിന്റേയും അതിപ്രധാനസ്ഥലമാണ്. അബ്രഹാം യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ കൊണ്ടുപോയ മോരിയാ മലയാണിത്. നൂറ്റാണ്ടുകളായി യെഹൂദന്മാർക്കും ക്രൈസ്തവർക്കും മുസ്ലീംമുകൾക്കും വിശുദ്ധനാടാണ് ഈ ഭൂമി. മാത്രമല്ല ഈസ്ഥലം നൂറ്റാണ്ടുകളായി തർക്കഭൂമിയായി നിലനിൽക്കുകയും ഒട്ടനവധി യുദ്ധങ്ങളിലേക്ക് വഴിതെളിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇന്നും ടെമ്പിൾ മൗണ്ടിന്റെ വിഷയത്തിൽ ലോകം പ്രഷുബ്ധമായ ഒരു അന്തരീക്ഷത്തിലേക്ക് പോകുവാൻ സാധ്യതകൾ ഏറെയാണുള്ളത്.

യെരൂശലേം ദൈവാലയം ശലോമോൻ രാജാവ് ക്രിസ്തുവിനുമുമ്പ് 957-ൽ പണികഴിപ്പിച്ചിരുന്ന സ്ഥലം ഇതാണെന്ന് ബൈബിൾ പറയുന്നു. മൂവായിരം വർഷംമുമ്പ് പണി ത അന്നത്തെ ആലയം BC 586-ൽ ബാബിലോണ്യക്കാർ തകർക്കുകയുണ്ടായി. തുടർന്ന് 516 BC യിൽ സെരൂബാബേലിന്റെ നേതൃത്വത്തിൽ രണ്ടാമത് ആലയം പണിതു. എന്നാൽ AD 70-ൽ റോമൻ ഭരണാധികാരികൾ അതു നശിപ്പിച്ചു. അതിനുശേഷം ജൂതർക്ക് ടെമ്പിൾ മൗണ്ടിൽ ആരാധനാലയം വീണ്ടും പണിവാൻ കഴിയാതെയായി. എന്നാൽ ടെമ്പിൾ മൗണ്ടിൽ ദൈ വാലയം പണിയുന്നതിന് ജൂതർ എല്ലാ തയ്യാറെടുപ്പും നടത്തികഴിഞ്ഞിരിക്കുകയാണ്.

ജൂതർ പ്രാർത്ഥിക്കുന്നവേളയിൽ പഴയ ആലയത്തിന്റെ സ്മരണയിൽ ടെമ്പിൾമൗണ്ടിനുനേരെ നിന്നുകൊണ്ട് ഇന്നും അവർ പ്രാർത്ഥിക്കുന്നു. ശലോമോൻ പ്രഥമ ആലയം പണിതുതീർന്നപ്പോൾ ദൈവം അവനു പ്രത്യക്ഷമായി പറഞ്ഞവചനങ്ങളിൽ ഒന്ന് ഇപ്രകാരമായിരുന്നു. ''ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്കു എന്റെ ചെവി ശ്രദ്ധിച്ചിരിക്കുകയും ചെയ്യും. എന്റെ നാമം ഈ ആലയത്തിൽ എന്നേക്കും ഇരിക്കേണ്ടതിനു ഞാൻ ഇപ്പോൾ അതിനെ തെരഞ്ഞെടുത്തു വിശുദ്ധീകരിച്ചിരിക്കുന്നു; എന്റെ ദൃഷ്ടിയും എന്റെ ഹൃദയവും എല്ലായ്പ്പോഴും ഇവിടെ ഇരിക്കും'' (11 ദിന7:15,16). യഹോവയുടെ തേജസ്സ് ഇറങ്ങിയ ശക്തമായ പ്രഭയാൽ ജനം ആനന്ദവും സന്തോഷവും അനുഭവിച്ച ചരിത്രം ബൈബിളിൽ വളരെ പ്രാധാന്യത്തോടെ വിവരിച്ചിരിക്കുന്നു. ഇക്കാരണത്താൽ ഇന്ന് ജൂതർക്ക് ടെമ്പിൾ മൗണ്ടിൽ ആലയം ഇല്ലെങ്കിലും അവർ ആ ഭൂമിയെ വളരെ പാവനമായി കരുതുന്നു.

മുസ്ലീമുകൾ ഈ സ്ഥലം അവരുടെ പ്രവാചകനായ മുഹമ്മദ് യെരൂശലേമിലേക്ക് യാത്രയായി വന്ന് സ്വർഗത്തിലേക്കു എടുക്കപ്പെട്ട സ്ഥലമാണെന്ന് പറയുന്നതിനാൽ ഇസ്ലാമിലെ മൂന്നാമത്തെ വിശുദ്ധ സ്ഥലമായി അവർ ഈ പ്രദേശത്തെ ദർശിക്കുന്നു. AD 692 ലാണ് മുസ്ലീമുകൾ ഇവിടെ മോസ്കുകൾ പണിതത്. 1967-ലെ ആറുദിനയുദ്ധത്തിൽകൂടിയാണ് യിസ്രായേലിനു ടെമ്പിൾമൗണ്ട് ഉൾപ്പെടുന്ന അവരുടെ പഴയനഗരത്തിന്റെ സ്ഥാനം വീണ്ടെടുക്കാനായത്. എന്നാൽ തർക്കഭൂമിയായതിനാൽ ജൂതർക്ക് അവിടെ നിന്നുകൊണ്ട് പരസ്യമായി പ്രാർത്ഥിക്കുന്നതിന് അനുവാദമില്ല.

ടെമ്പിൾ മൗണ്ട് സമുദ്രനിരപ്പിൽ നിന്നും 2,428 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു. 37 ഏക്കർ വിസ്തീർണമുണ്ട് ഈ ഭൂപ്രദേശത്തിന്. ഹെരോദാ രാജാവ് രണ്ടാമത്തെ ആലയത്തിനുചുറ്റും മതിൽ പണിയുകയുണ്ടായി. ടെമ്പിൾ മൗണ്ടിലുണ്ടായിരുന്ന രണ്ടാമത്തെ ആലയം തകർക്കപ്പെട്ടതിനുശേഷം ശേഷിച്ച പടിഞ്ഞാറേ മതിലിങ്കലാണ് ജൂതർ ഇന്നു പ്രാർത്ഥനയ്ക്ക് കടന്നുവരുന്നത്.

ക്രൈസ്തവ സഭയ്ക്ക് എന്നെന്നും പ്രാധാന്യമേറിയ ഇടം തന്നെയാണ് യെരൂശലേമും ടെമ്പിൾ മൗണ്ട് ഉൾപ്പെടുന്ന ചുറ്റുമുള്ള പ്രദേശങ്ങളും. കർത്താവായ യേശുക്രിസ്തു കടന്നുവന്നു പരസ്യശുശ്രൂഷ നിർവഹിച്ചതും അത്ഭുതങ്ങളും അടയാളങ്ങളും നിവർത്തിക്കുകയും ഒടുവിൽ കർത്താവ് ക്രൂശിക്കപ്പെടുകയും അവന്റെ ശരീരം കൊണ്ടുവെക്കുകയും അവൻ മൂന്നാംനാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്ത യെരൂശലേം എന്ന വിശുദ്ധനാട് സന്ദർശിക്കുന്നതിനുവേണ്ടി ലോകമെങ്ങുമുള്ള ക്രൈസ്തവർ അവിടേക്ക് എത്തിക്കൊണ്ടിരിക്കുന്നു.

ആദിമക്രൈസ്തവ സഭയുടെ ആരംഭവും അവിടെയായിരുന്നു. ആദ്യത്തെ ആത്മിക ഉണർവ്വ് പൊട്ടിപ്പുറപ്പെട്ട സ്ഥലവും അതുതന്നെ. പരിശുദ്ധാത്മാവ് അഗ്നിനാവുകൾപോലെ പിളർന്നിരിക്കുന്ന നാവുകൾ ശിക്ഷ്യന്മാർക്കു മുമ്പാകെ പ്രത്യക്ഷമാവുകയും അവരിൽ ഓരോരുത്തന്റെമേൽ പതിയുകയും ചെയ്ത അതിമഹത് സംഭവത്തിനു ആദ്യം സാക്ഷിയായ നഗരവും ഇതുതന്നെയാണ്. മാത്രമല്ല, യേശുക്രിസ്തുവിന്റെ രണ്ടാമത്തെ മഹത്വപ്രത്യക്ഷതയും പുതിയ ആകാശവും പുതിയഭൂമിയും തുടങ്ങി ഭാവിയിൽ സംഭവിക്കുന്ന ഒട്ടനവധി പ്രവചന നിവർത്തീകരണത്തിനും വളരെ പ്രാധാന്യമുള്ള സ്ഥലവുമാണിത്.

തുടരും

## ഇന്നത്തെ ടെമ്പിൾമൗണ്ട്

# മോറിയാ മല

ജൂലൈ 31-ലെ പ്രാർത്ഥന
മക്കളും കൊച്ചുമക്കളോടുമൊപ്പം രാത്രിയിലും തുടർന്നു



ദൈവവചനം പ്രഘോഷിക്കുന്ന സീയോൻ പർവ്വതം അഥവാ ഇന്നത്തെ ടെമ്പിൾമൗണ്ട് യഹൂദ ജനതയെ സംബന്ധിച്ച് പരമപ്രാധാന്യമേറിയ പ്രദേശമാണ്. ഒരിക്കൽ അവർ സ്വാതന്ത്ര്യത്തോടെ ആരാധിച്ച ആ പർവ്വതത്തിൽ പരസ്യമായിനിന്നുകൊണ്ട് പ്രാർത്ഥിക്കുന്നതിനു ഇന്നു നിയമംമൂലം അനുവാദമില്ല. 1967-ലെ യുദ്ധത്തിനുശേഷം ഇവിടം ഐക്യരാഷ്ട്രസഭയുടെ നിയന്ത്രണത്തിലാണ്. തങ്ങളുടെ പിതാക്കന്മാർ ആരാധിച്ച ആ പർവ്വതത്തിൽ പരിപൂർണ്ണ സ്വാതന്ത്ര്യം തങ്ങൾക്കുണ്ടാകേണ്ടതിനായി കൊച്ചുകുട്ടികളടക്കം അവർ ഒത്തൊരുമിച്ച് ദൈവത്തോടു പ്രാർത്ഥിക്കുകയാണ്. മാത്രമല്ല ദൈവത്തിനായി ആലയം വീണ്ടും അവിടെ പണിയുവാൻ അവർ തയ്യാറായിരിക്കുകയാണ്,

# രാജാധിരാജാവിന്റെ വരവ് ആസന്നമായിരിക്കുന്നു

**ആദ്യം**



**രണ്ടാമത്**



## "അവൻ കള്ളനെപ്പോലെ വരും"

യേശുക്രിസ്തു തന്റെ മണവാട്ടിസഭയെ ചേർക്കുവാൻ വാനമേഘത്തിൽ പ്രത്യക്ഷമാകുന്ന സമയം വളരെ അടുത്തെത്തിയിരിക്കുന്നുവെന്ന് ലോകസംഭവങ്ങൾ വിളിച്ചറിയിക്കുന്നു. ‘‘അങ്ങനെ നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ’’മത്തായി 24:44 യേശുക്രിസ്തുവിന്റെ വരവിനോടനുബന്ധിച്ച് സംഭവിക്കേണ്ടതായ ബൈബിൾ പറയുന്ന പ്രവചനങ്ങളെല്ലാം നമ്മുടെ കൺമുമ്പിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ വാനമേഘ പ്രത്യക്ഷതയിൽ നാം കൈവിടപ്പെടാതിരിക്കുവാൻ ഒരുങ്ങുക; മണവാളനെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക.

## "അന്നാളിൽ അവന്റെ കാൽ ഒലിവ് മലയിൽ ചവിട്ടും"

‘‘അന്നാളിൽ അവന്റെ കാൽ യെരൂശലേമിന്നെതിരെ കിഴക്കുള്ള ഒലിവുമലയിൽ നില്ക്കും. ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും’’. സെഖ. 14:4. ഇതു തന്റെ ജനമായ ജൂതർക്കുവേണ്ടിയുള്ള കർത്താവിന്റെ പ്രത്യക്ഷതയാണ്. യെരൂശലേമിനെതിരെ ലോകരാജ്യങ്ങൾ യുദ്ധത്തിന് അണിനിരക്കുമ്പോൾ യിസ്രായേലിന്റെ രക്ഷയ്ക്കുവേണ്ടി അവർ കാത്തിരിക്കുന്ന മശിഹയായ - യേശുക്രിസ്തു യെരൂശലേമിലെ ഒലിവ് മലയിൽ താൻ ഇറങ്ങിവന്ന് യുദ്ധം ചെയ്യും. ‘‘ഇതാ,അവൻ മേഘാരൂഢനായി വരുന്നു; ഏതുകണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും.’’.വെളി.1:7. രണ്ടായിരം വർഷം മുമ്പ് കടന്നുവന്ന മശിഹയായ - യേശുക്രിസ്തുവിനെ സ്വീകരിക്കാതിരുന്നവർ അവനെ ആർത്തിയോടെ സ്വീകരിക്കുന്ന സമയമാണത്.

WTO

## World Trade Organization

1994-ൽ മെറാക്കയിലെ മറാക്കിഷിൽ ലോകത്തിലെ 124 രാജ്യങ്ങളുടെ പ്രതിനിധികൾ 26,000 പേജുകളുള്ള ഒരു വ്യാപാര ഉടമ്പടി ചർച്ചചെയ്തു. അതേതുടർന്നാണ് World Trade Organization (WTO) നിലവിൽ വന്നത്. ഇതിൽ അംഗത്വമുള്ള രാജ്യങ്ങൾ കച്ചവടത്തിൽ പരസ്പ്പരം സഹകരിക്കും. അംഗത്വമില്ലാത്ത രാജ്യങ്ങൾക്ക് സാമ്പത്തിക മുന്നേറ്റമുണ്ടാകില്ല. ആദ്യം ഇന്ത്യ സഹകരിച്ചില്ലെങ്കിലും കാർഗിൽ യുദ്ധസമയത്ത് ലോകരാജ്യങ്ങളുടെ പിന്തുണയ്ക്കായി ഇന്ത്യയും അതിൽ പങ്കാളിയായി.

**‘‘ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല; ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു’’**
**2 പത്രോ.3:9**

# യുഎന്നും ഏകലോക ഗവൺമെന്റും

ലോകത്തിന്റെ അവസാനത്തിങ്കൽ സംഭവിക്കുവാൻ പോകുന്ന ഒന്നാണ് ഒരു ഏകലോക ഗവൺമെന്റ്. അതു സംഭവിക്കുമെന്ന് ദൈവവചനമാകുന്ന ബൈബിളിൽ നൂറ്റാണ്ടുകൾക്കുമുമ്പ് പറഞ്ഞിരിക്കുന്നു. ഏകലോക ഗവൺമെന്റിനുവേണ്ടിയുള്ള ഒരുക്കങ്ങൾ ഇന്നു നടന്നുകൊണ്ടിരിക്കുന്നു. ഐക്യരാഷ്ട്രസഭ രൂപംകൊണ്ടതുതന്നെ അതിനുമുന്നോടിയായിട്ടാണ്. രണ്ടാംലോകയുദ്ധത്തിനുശേഷം 1945 ഒക്ടോബർ 25-ന് നിലവിൽവന്ന ഈ ആഗോള രാഷ്ട്രങ്ങളുടെ കൂട്ടായ്മയിൽ ആദ്യം 51 രാജ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. മുന്നോട്ടുള്ള ലോകമുന്നേറ്റത്തിൽ ഒരു ആഗോള ഐക്യമുന്നേറ്റത്തിൽ പങ്കാളികളായേതീരൂ എന്ന അവസ്ഥയിലേക്ക് ലോകരാജ്യങ്ങൾ എത്തിച്ചേർന്നപ്പോൾ യു.എന്നിൽ കൂടുതൽ രാജ്യങ്ങൾ പങ്കുചേർന്നു. 193 ആയി ഇന്ന് ഐക്യരാഷ്ട്ര സഭയുടെ അംഗസംഖ്യ. ലോകരാജ്യങ്ങളുടെ വിഷയപരിഹാരത്തിനായി ഇടപെടുന്നതു ഐക്യരാഷ്ട്ര സഭയാണ്. യിസ്രായേൽ രാജ്യത്തിന്റെ രൂപീകരണത്തിലും യെരൂശലേമിലെ സംഭവവികാസങ്ങൾക്കും യിസ്രായേൽ-വെസ്റ്റ്ബാങ്ക് വിഷയത്തിലും യു.എൻ ഇടപെടുന്നതു നാം കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ യു.എൻ ഒരു ആഗോള മുന്നേറ്റമാണെങ്കിലും ബൈബിളിൽ പ്രസ്താവിക്കുന്ന ഏകലോകഗവൺമെന്റും എതിർക്രിസ്തുവിന്റെ ഭരണവും യു.എൻ തത്വങ്ങളേക്കാൾ തികച്ചും വ്യത്യസ്ഥമായിരിക്കും. ബൈബിളിനും ജീവനുള്ള ദൈവത്തിനും യഹൂദനും ക്രൈസ്തവനും വിരുദ്ധമായ ഒരു മുന്നേറ്റമാണ് അന്ത്യകാലത്ത് രൂപംകൊള്ളുന്ന ഏകലോക ഗവൺമെന്റ്. കടന്നുവരാൻപോകുന്ന ആ സാമ്രാജ്യത്തെപ്പറ്റി വെളിപ്പാട് 13-ൽ വിവരിച്ചിരിക്കുന്നത് വായിക്കുക. ദാനിയേൽ 7-ലും അതു കാണാൻ കഴിയും. ‘‘ദൈവത്തിന്റെ നാമത്തേയും അവന്റെ കൂടാരത്തേയും സ്വർഗ്ഗത്തിൽ വസിക്കുന്നവരേയും ദുഷിപ്പാൻ ദൈവദൂഷണത്തിനായി വായ് തുറന്നു’’ വെളി.13:6. ഇതായിരിക്കും ഏകലോകഗവൺമെന്റിന്റെ സ്വഭാവം. യു.എന്നിൽ അത്തരത്തിലുള്ള സ്വഭാവം ഇപ്പോൾ നിലവിലില്ല. എന്നാൽ വരുംദിനങ്ങളിൽ അതിനു മാറ്റം ഉണ്ടാകുവാൻ ഏറെ സാദ്ധ്യതകളാണ് കണ്ടുകൊണ്ടിരിക്കുന്നത്. അതിനൊരു ഉദാഹരണമാണ് യിസ്രായേലിനെതിരെ 2016-ൽ യു.എൻ പാസാക്കിയ റെസൊല്യൂഷനുകൾ.



ജൂതർ ടെമ്പിൾമൗണ്ടിൽ

**യിസ്രായേൽരാജ്യം രൂപീകൃതമായ നാൾമുതൽ യു.എൻ യിസ്രായേൽ-പലസ്തീൻ വിഷയത്തിൽ സജീവമായി ഇടപെടുന്നുണ്ട്. എന്നാൽ വെസ്റ്റ്ബാങ്ക് കുടിയേറ്റ വിഷയത്തിൽ യിസ്രായേൽ നടത്തുന്ന മുന്നേറ്റത്തെ യു.എൻ എതിർക്കുന്നു. ടെമ്പിൾ മൗണ്ട് യു.എന്ന് നിർണായക വിഷയമായിരിക്കുകയാണ്. യിസ്രായേലിനെതിരെ തങ്ങളുടെ നയങ്ങൾക്ക് യു.എൻ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. യിസ്രായേലിനെതിരെ ലോകരാജ്യങ്ങൾ സംഘടിക്കുന്നതുതന്നെ ഒരു ഏകലോക ഗവൺമെന്റിലേക്കുള്ള പാത വ്യക്തമാക്കുകയാണ്.**

# അന്ത്യകാലത്തെ അടയാളങ്ങൾ

## "There will be terrors"

ഇന്ന് ലോകത്ത് ഭീകരപ്രവർത്തകർ അഴിഞ്ഞാടുകയാണ്. ഐ.എസ് (ഇസ്ലാമിക സ്റ്റേറ്റ്), ബോക്കോഹരാം, അൽഖയിദ,ഹാമാസ് തുടങ്ങിയ ഭീകരപ്രവർത്തകരുടെ വാഴ്ചയ്ക്ക് ആരംഭംകുറിച്ചത് ഈ കാലഘട്ടത്തിലാണ്. അവർ ചെയ്യുന്ന കൊടുംഭീകരത ലോകം കണ്ടു ഞെട്ടുകയാണ്.അന്ത്യകാലത്ത് ഇപ്രകാരം ഭീകരപ്രവർത്തനങ്ങൾ ഉണ്ടാകുമെന്ന് യേശുക്രിസ്തു ലോകാന്ത്യ സംഭവങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ സൂചിപ്പിച്ചു. ‘‘ഭയങ്കര കാഴ്ചകൾ’’ എന്ന് ലൂക്കോസ് 21:11-ൽ പറഞ്ഞിരിക്കുന്നത് "There will be terrors" / "There will be fearfull sights"എന്ന് ഇംഗ്ലീഷ് ഭാഷാന്തരത്തിൽ നാം വായിക്കുന്നു. കൊച്ചുകുഞ്ഞുങ്ങളെപ്പോലും ചാവേറുകളാക്കുകയും കുട്ടികളെ തട്ടിക്കൊണ്ടുപോയി അവർക്ക് ഭീകരപ്രവർത്തനത്തിനായുള്ള പരിശീലനങ്ങൾ നൽകുകയും വരിവരിയായി ആളുകളെ നിറുത്തി കഴുത്തറത്തു കൊലചെയ്തും രസിക്കുകയും ചെയ്യുന്ന ഭീകരരുടെ മുന്നേറ്റം ലോകത്തിന് ഒരു ‘‘ഭയങ്കരകാഴ്ച’’തന്നെയാണ്. യേശുക്രിസ്തുവിന്റെ വാനമേഘ പ്രത്യക്ഷത വളരെ അടുത്തെത്തിയിരിക്കുന്നുവെന്നു സൂചിപ്പിക്കുന്നതാണ് ഭൂമിയിൽ ശക്തമായിക്കൊണ്ടിരിക്കുന്ന ഈ പൈശാചികവാഴ്ചകൾ.




ഐ.എസ് ഭീകരർ

# ബൈബിൾ പുസ്തകങ്ങൾ എബ്രായ ഭാഷയിലൂടെ

മാത്യു ഫിലിപ്പ്, തിരുവല്ല

**ആരം 22**

# ബൈബിൾ ചക്രം




## THE BIBLE WHEEL

## ഏബ്രായ അക്ഷരമാലയുടെ ദിവ്യരൂപകല്പന


### 22 അക്ഷരങ്ങളുടെ പ്രതിരൂപാത്മക സാരം (തുടർച്ച)

### പിതാവ്, എന്ന പദത്തിനുള്ള ഏബ്രായപദചിത്രം

" നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിനു ദാസ്യത്തിന്റെ ആത്മാവിനെയല്ല; നിങ്ങൾ അബ്ബാ പിതാവേ, എന്നു വിളിക്കുന്നപുത്രത്വത്തിന്റെ ആത്മാവിനെയത്രേ പ്രാപിച്ചത്" റോമർ.8:15




ഏബ്രായഭാഷയുടെ ആദ്യാക്ഷരങ്ങൾ- അവയുടെ പേരുകൾ ചേർത്ത്- ആൽഫാ ബെത് അഥവാ അക്ഷരമാലരൂപംകൊണ്ടു. ക്രൈസ്തവർ മിക്കവാറും റോമർ 8:15 സൂചിപ്പിക്കുന്ന അബ്ബാ എന്നത് സുപരിചിത പദം തന്നെ. ഏബ്രായ വായനയ്ക്ക് അവശ്യം അറിഞ്ഞിരിക്കേണ്ട മൂന്നു ലളിത സത്യങ്ങൾ ഓർക്കുക.




**ഏബ്രായഭാഷയുടെ ആദ്യാക്ഷരങ്ങൾ– അവയുടെ പേരുകൾ ചേർത്ത്– ആൽഫാ ബെത് അഥവാ അക്ഷരമാല രൂപംകൊണ്ടു.**

1. ഏബ്രായഭാഷ വലത്തു നിന്നും ഇടത്തോട്ടു വായിക്കുക,

2. അക്ഷരങ്ങളെല്ലാം വ്യഞ്ജനങ്ങൾ. വവ്വൽ പോയിന്റിംഗ് എന്നറിയപ്പെടുന്ന അടയാളങ്ങൾ സ്വരശബ്ദങ്ങൾക്ക് രൂപം നൽകുന്നു. വ്യഞ്ജനാക്ഷരത്തിന് കീഴെ T അടയാളമിട്ടാൽ ആ എന്ന സ്വര ശബ്ദം കൂടി ചേർത്ത് ഉച്ചരിക്കണം. ഉദാ.ബ്+ആ=ബ്ബാ

ഇനി ഏബ്രായ പദത്തെ വിശദമാക്കുക എളുപ്പം തന്നെ.

ആലെഫ്= നേതാവ് /നാഥൻ, അതിനോട് ഏറ്റവും ബന്ധപ്പെട്ട സൂത്രപദമായ അല്ലൂഹ്= വഴികാട്ടി, അദ്ധ്യാപകൻ, നാഥൻ ഈ അക്ഷരത്തെ ബേത് എന്ന രണ്ടാമത്തെ അക്ഷരവുമായി ചേർക്കുമ്പോൾ അവ്= പിതാവ് എന്നു കിട്ടുന്നു(നാഥൻ), (വീട്) എന്നിവ തമ്മിൽ ചേർക്കുമ്പോൾ =പിതാവ് (ഗൃഹനാഥൻ) എന്നു വരുന്നു.

1 തിമ.3:25 പിതാവ് ഗൃഹനാഥന്റെ ധർമ്മം നിറവേറ്റുന്നു.


"അദ്ധ്യക്ഷൻ നിരപവാദ്യനായി... ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം... സ്വന്തകുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം"

ഉൽപത്തി.17:4/റോമ4:17 "ബഹുജാതികൾക്ക് പിതാ വ്"ഒന്നാം ആരത്തിൽ തന്നെ ദൈവം ഈ രണ്ടുഗ്രന്ഥങ്ങളെ പരസ്പരം ബന്ധിപ്പിച്ചു. ത്രിത്വത്തിൽ ഒന്നാമനായ ദൈവം പിതാവു തന്നെയെന്ന് ഓർ ക്കാം ആലെഫ് സൂത്രപദം നമുക്ക് മാർഗ്ഗദർശകമായി ഭവിക്കട്ടെ.

### പുത്രൻ– എന്നതിന്റെ ഏബ്രായപദചിത്രം:

പുറപ്പാട് 4:22 "...യിസ്രായേൽ എന്റെ പുത്രൻ നീ എന്റെ ആദ്യജാതൻ തന്നെ"


രണ്ടാം ആരവുമായി ബന്ധപ്പെട്ട ഈ വാക്യം ദൈവപുത്രനിലേക്ക് വിരൽ ചൂണ്ടുന്നു. സങ്കീ 2:7 ലും ദൈവത്രിത്വത്തിൽ രണ്ടാം സ്ഥാനീയനായ പുത്രനെ ചൂണ്ടിക്കാട്ടുന്നു.




"ഞാൻ ഒരു നിർണ്ണയം പ്രസ്താവിക്കുന്നു. യഹോവ എന്നോട് നീ എന്റെ പുത്രൻ (ബെൻ) ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു...ഞാൻ നിനക്കു ജാതികളെ അവകാശ(നാഖാൻ)മായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും".

പ്രാവചനീക വേദഭാഗങ്ങളിൽ 'ബെൻ' എന്ന സൂത്രപദത്തിന്റെ പ്രതീകസാരം ഉള്ളടങ്ങിയിട്ടുണ്ട്.

ബെൻ= ബേത്+നൂൺ(ബെയ്ത്= ഗൃഹം) അവകാശം എന്നതിൽ ശേഷിക്കുന്ന സാരാംശം അടങ്ങിയിരിക്കുന്നു.




ഏബ്രായർ 1:2 "അവനെ താൻ സകലത്തിനും അവകാശിയാക്കിവെച്ചു". എന്നതിൽ ക്രിസ്തു അവകാശിയെന്നു കാണുന്നു ഏബ്രായ 9:15 9:15. അത്യപൂർവ്വമായ നിത്യാവകാശത്തിന്റെ വാഗ്ദത്തം വിശ്വസ്തർക്കായി ഒരുക്കിയിരിക്കുന്നുവെന്ന് കാണുന്നു.

പതിനാലാം അക്ഷരമായ നൂൺ ഉപയോഗിച്ച് യിസ്രായേലിന്റെ വാഗ്ദത്തനാടിനെ ലാക്കാക്കി യോശുവയെ നായകൻ ആക്കി അയക്കുന്നു.

ആവർത്തനം 1:38 "നിന്റെ ശുശ്രൂഷക്കാരാനായ നൂന്റെ മകൻ യോശുവ അവിടെ ചെല്ലും: അവനെ ധൈര്യപ്പെടുത്തുക; അവനാകുന്നു അത് യിസ്രായേലിന് കൈവശവാക്കി കൊടുക്കേണ്ടത്"

പതിനാലാം അക്ഷരമായ 'നൂൺ' എന്നാൽ തുടരുക, വർദ്ധിക്കുക, വ്യാപിക്കുക എന്നീ അർത്ഥങ്ങളാണ്. നൂൺ എന്ന സൂത്രപദത്തിന് സന്തതി പരമ്പര എന്നും അർത്ഥമുണ്ട്.


'ബെൻ' (പുത്രൻ) എന്ന സൂത്രപദത്തിൽ ഉള്ളടങ്ങിയ സാരം എത്ര വിപുലമെന്ന് ഓർത്ത് ദൈവത്തെ സ്തുതിക്കാം.

### മൂലക്കല്ലിന്റെ ഏബ്രായ പദചിത്രം:

അപ്പോ.പ്രവൃ.4:10–12 "വീടുപണിയുന്നവരായ നിങ്ങൾ തള്ളിക്കളഞ്ഞ കോണിന്റെ മൂലക്കല്ലായി തീർന്ന കല്ല് ഇവൻ തന്നെ. മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ വേറൊരുനാമവുമില്ല"

ഏബ്രായ ഭാഷയുടെ വേദശാസ്ത്രപരമായ വിവക്ഷ എത്ര ആഴമേറിയതെന്നും അതു രൂപപ്പെടുത്തുന്ന പദചിത്രങ്ങൾ എത്ര അർത്ഥഗർഭമെന്നും കാണിക്കുവാൻ കല്ല് അഥവാ ഏവേൻ എന്ന വാക്കു തന്നെ പരിശോധിക്കാം. പിതാവും പുത്രനും തമ്മിലുള്ള ഐക്യം ചൂണ്ടിക്കാട്ടുമ്പോൾ തന്നെ ക്രിസ്തുവിന്റെ ദിവ്യത്വം പ്രകാശിതമാകണം

"ഞാനും പിതാവും ഒന്നാകുന്നു"(യോഹ.10:30) ഒരേ വാസസ്ഥലം ഇരുവരും പങ്കിടുന്നു. ഏവേൻ (കല്ല്) എന്നതിലും ഈ പങ്കീടീൽ ദൃശ്യമാകുന്നു. സെരുബാബേലിന്റെ മുമ്പിലുള്ള മഹാപർവ്വതത്തെ സമഭൂമിയാക്കുവാൻ




"കൃപാ–കൃപാ" എന്ന ആർപ്പോടെ ആണിക്കല്ല് (ഏവേൻ ഹാറോഷാ) കയറ്റുമെന്ന് സെഖ4:7–ലും "യിസ്രായേലിന്റെ പാറയായ ഇടയന്റെ നാമം" എന്ന് ഉല്പത്തി 49:24–ലും പറയുമ്പോൾ (ഏവേൻ യിസ്രായേൽ) ഏവേൻ എന്ന സങ്കരപദം (ആവ്+ബെൻ) പിതാക്കന്മാരും പുത്രന്മാരും (യിസ്രായേൽ മക്കളും) തമ്മിലുള്ള ഐക്യത്തെയാണ് ദ്യോതിപ്പിക്കുന്നത്.

**എബ്രായ പഠനം സംബന്ധിച്ച സംശയനിവാരണത്തിനായി വിളിക്കേണ്ടിയ നമ്പർ:**

**9995390144**
ബ്ര.മാത്യുഫിലിപ്പ്

അടുത്തലക്കത്തിൽ **ഏബ്രായാ ഭാഷയിലെ ഓരോ അക്ഷരങ്ങൾ**

# News

## നിത്യതയിൽ


എം.റ്റി. ഏബ്രഹാം

ആഴമായ പാപബോധവും തന്മൂലമുള്ള ആത്മിക ഉണർവ്വും ആഗ്രഹിച്ചുകൊണ്ട് സുവിശേഷമുന്നണിയിൽ പ്രവർത്തിച്ച ശ്രീ.എം.റ്റി.ഏബ്രഹാം(82) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. രണ്ടരപതിറ്റാണ്ടായി മിഷൻസ് ഇന്ത്യാ മിഷനറി പ്രസ്ഥാനത്തിന്റെ അസ്സോസിയേറ്റ് ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചുവരികയായിരുന്നു. ഫ്‌ളെയിം ഓഫ് റിവൈവൽ-ക്രൗൺ ഓഫ് ലൈഫ് ശുശ്രൂഷകളിൽ അദ്ദേഹം സഹകാരിയായിരുന്നു. തിരുവല്ലയിൽ നടത്തപ്പെടുന്ന ആഗോള ആത്മിക ഉണർവ്വിനായുള്ള പ്രാർത്ഥന മിക്കവർഷങ്ങളിലും പ്രാർത്ഥിച്ച് ആരംഭിക്കുന്നത് എം.റ്റി.ഏബ്രഹാം സാറായിരുന്നു

കഴിഞ്ഞ 35 വർഷക്കാലം സുവിശേഷവേലയിൽ വ്യാപൃതനായിരുന്ന ജോഷുവാ ഉപദേശി (82) നിത്യതയിലേക്ക് പ്രവേശിച്ചു. ഒരു കാലത്ത് കുറ്റപ്പുഴ പൊന്നൻ എന്നറിയപ്പെട്ടിരുന്ന അദ്ദേഹം ക്രിസ്തേശുവിലൂടെ പുത്തൻ ജീവിതത്തിന് ഉടമയായ നാൾമുതൽ സുവിശേഷവേലയ്ക്കായി തന്നെത്തന്നെ സമർപ്പിക്കുകയായിരുന്നു. ജൂലൈ 15-നായിരുന്നു അന്ത്യം. ഫ്‌ളെയിം ഓഫ് റിവൈവലിന്റെ പ്രാർത്ഥനാ ശുശ്രൂഷകളിൽ അദ്ദേഹത്തിന്റെ സജീവസാന്നിധ്യം ഉണ്ടായിരുന്നു.

ദു:ഖത്തിലായിരിക്കുന്ന ഇരുകുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രത്യേകം പ്രാർത്ഥിക്കേണമെ.


ജോഷുവാ ഉപദേശി

**കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനു മുന്നോടിയായി യെരൂശലേമിലും യെഹൂദന്മാരുടെമധ്യേ നടക്കുന്ന സംഭവങ്ങൾ വീഡിയോ,സ്ലൈഡ്സ് മുഖാന്തരം അവതരിപ്പിച്ചുകൊണ്ട്**

## ആഗോള ആത്മിക ഉണർവ്വിനായി പ്രാർത്ഥന

**നവംബർ 18 ശനിയാഴ്ച തിരുവല്ലയിൽ**
**രാവിലെ 9 മുതൽ 3 വരെ**

# രാജ്യവ്യാപകമായി ഗിദയോൻ പ്രാർത്ഥന

### നവംബർ 1–ന് രാജ്യത്തെ 707 ജില്ലകളിൽ

തിരുവല്ല: ഇന്ത്യയുടെ 30 അതിർത്തി പട്ടണങ്ങളിൽ നടത്തപ്പെട്ട ഗിദയോൻ പ്രാർത്ഥനാ രാജ്യവ്യാപകമായി നവംബർ 1 ന് നടത്തപ്പെടുകയാണ്. അന്നേദിനം രാജ്യത്തെ 707 ജില്ലകളിലും പ്രത്യേകം പ്രാർത്ഥനകൾ നടത്തപ്പെടും. ഏപ്രിൽ 27-ന് ഇന്ത്യയുടെ വിവിധ കേന്ദ്രങ്ങളിൽ നടത്തപ്പെട്ട പ്രാർത്ഥനയിൽ പത്തുപേരടങ്ങുന്ന ടീമായി മുന്നൂറോളം പ്രാർത്ഥനാപോരാളികൾ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയിരുന്നു. വിവിധ സ്ഥലങ്ങളിൽ നടത്തപ്പെട്ട പ്രാർത്ഥനയിൽ ആയിരത്തിലധികം വിശ്വാസികളും സഭാശുശ്രൂഷകരും പങ്കെടുക്കുകയുണ്ടായി.

ഭാരതരാജ്യത്തിന്റെ വിവിധ വിഷയങ്ങൾക്കുവേണ്ടിയാണ് ഗിദയോൻ പ്രാർത്ഥന നടത്തപ്പെടുന്നത്. ഒരേ പ്രാർത്ഥനാ വിഷയങ്ങൾക്കുവേണ്ടി ഒരേ സമയം ഇന്ത്യയുടെ എല്ലാ ജില്ലകളിൽനിന്നും പ്രാർത്ഥിക്കുന്ന ക്രമീകരണമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പ്രാർത്ഥനാ വിഷയങ്ങൾ വിവിധ ഭാഷകളിൽ തയ്യാറാക്കി ലഭിക്കുന്നതാണ്. നിങ്ങൾ ആയിരിക്കുന്ന ജില്ലയിൽ ഒരു പ്രാർത്ഥന ക്രമീകരിക്കുന്നുവെങ്കിൽ താഴെ കാണുന്ന നമ്പരുകളിൽ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക്: 7012095677 (ജോർജ്ജ് വർഗ്ഗീസ്), 9447060061 (ജെ.വിൽസൺ)


## ബൈബിൾ ക്വിസ്സ് സമ്മേളനവും കുടുംബസംഗമവും 2017

ഫ്‌ളെയിം ഓഫ് റിവൈവലിന്റെ
ബൈബിൾ ക്വിസ്സ് സമ്മേളനം
**സെപ്റ്റംബർ 9 ശനിയാഴ്ച**
തിരുവല്ലയിൽ നടത്തപ്പെടും.
രാവിലെ 9 മുതൽ 1 മണി വരെയാണ് സമ്മേളനം.
പ്രത്യേകം കടന്നുവരുമല്ലോ.

## ബൈബിൾ ക്വിസ്സ് സമ്മേളനവും കുടുംബസംഗമവും

ഫ്‌ളെയിം ഓഫ് റിവൈവൽ ബൈബിൾ ക്വിസിൽ പങ്കെടുത്ത പ്രിയപ്പെട്ടവർക്കുവേണ്ടി ഒരു പ്രത്യേക സമ്മേളനം **2017 സെപ്റ്റംബർ 9 (രണ്ടാംശനി) രാവിലെ 9.30 മുതൽ 1 മണി വരെ** തിരുവല്ല ടൗണിലുള്ള ഓയ്സ്റ്റർ കൺവൻഷൻ സെന്റർ ഹോളിൽ നടത്തപ്പെടും. (തിരുവല്ല ടൗണിൽനിന്നും പുഷ്പഗിരി മെഡിക്കൽ കോളജിലേക്കുള്ള റോഡിൽ ഇന്റർനാഷണൽ ടൂറിസ്റ്റ് ഹോമിനുശേഷം തൊട്ടടുത്താണ് ഓയ്സ്റ്റർ കൺവൻഷൻ സെന്റർ) ബൈബിൾ ക്വിസിൽ പങ്കെടുത്ത പ്രിയപ്പെട്ടവരെ സമ്മേളനത്തിലേക്ക് പ്രത്യേകം ക്ഷണിക്കുന്നു. വിജയകരമായി പൂർത്തീകരിച്ചവരിൽ തിരഞ്ഞെടുക്കപ്പെട്ട 6 പേർക്ക് മലയാളം സ്റ്റഡിബൈബിളും 10 പേർക്ക് ബൈബിൾസ്റ്റഡി പുസ്തകങ്ങളും നൽകപ്പെടും. അന്നേദിനം സമ്മേളനത്തിൽ കടന്നുവരുന്ന ബൈബിൾ ക്വിസ് അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും ബൈബിൾ പുസ്തകങ്ങളും സമ്മാനമായി ലഭ്യമാകുന്നതാണ്. ഫ്‌ളെയിം ഓഫ് റിവൈവലിന്റെ സുവിശേഷ പ്രവർത്തനമായ ക്രൗൺ ഓഫ് ലൈഫ് മിനിസ്ട്രീസിന്റെ കുടുംബസംഗമവും ഇതോടൊപ്പം നടത്തപ്പെടുന്നതാണ്. **ഈ പ്രത്യേക സമ്മേളനത്തിൽ ഡോ.ബഞ്ചമിൻ ജോർജ്ജ്-കോട്ടയം ദൈവവചന ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.** കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ടിയ നമ്പരുകൾ 0469- 2741694 9447104670, 8289816357,9447472692, 9446115977

തമിഴ്നാട്ടിൽ പൂർത്തിയായ ആരാധനാലയം. ചിതലരിച്ച് മരക്കമ്പുകൾ ദ്രവിച്ചു താഴെവീഴാറായിരുന്ന ആലയം ദൈവജനത്തിന്റെ സാമ്പത്തിക സഹായത്താൽ പുനർനിർമ്മാണം നടത്തുവാൻ കഴിഞ്ഞു.





തമിഴ്നാട്ടിൽ പണിതുകൊണ്ടിരിക്കുന്ന ആരാധനാലയത്തിന്റെയും മിഷൻഹൗസിന്റെയും പണിനടക്കുന്ന സ്ഥലം സന്ദർശിച്ച സഹോദരന്മാരായ ഏബ്രഹാം മാത്യു, വിനോ തോമസ്,റോബി.സി.ചാണ്ടി എന്നിവർ. സാമ്പത്തിക പരാധീനതമൂലം പണി നിന്നിരിക്കുകയാണ്. അടിസ്ഥാനത്തിന്റെ പണി മാത്രമാണ് പൂർത്തിയായത്. ബാക്കി പണികളും വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കേണമെ.

# ബൈബിൾ ക്വിസ്

പ്രീതി സാജൻ

## യെഹെസ്കേൽ അദ്ധ്യായങ്ങൾ: 31–33,35–39,43

1. ഫറവോനെ ഏതൊക്കെ മൃഗങ്ങളോട് താരതമ്യപ്പെടുത്തിയിരിക്കുന്നു?
2. അശ്ശൂർ ലബാനോനിൽ ഏതു വൃക്ഷംപോലെ ആയിരുന്നു?
3. മിസ്രയീമിന്റെ പ്രതാപത്തെ ശൂന്യമാക്കുന്നത് ആര്?
4. ദുഷ്ടൻ എന്ത് വിട്ടുതിരിഞ്ഞ് ജീവിക്കുന്നതിലാണ് ദൈവം ഇഷ്ടപ്പെടുന്നത്?
5. വാളാൽ അഗ്രചർമ്മികളുടെ കൂട്ടത്തിൽ കിടക്കേണ്ടിവരുന്നത് ആരൊക്കെയാണ്?
6. ഏത് പർവ്വതത്തെ ദൈവം പാഴും ശൂന്യവുമാക്കി?
7. ദുഷ്ടൻ തന്റെ ദുഷ്ടതവിട്ടുതിരിയുന്ന നാളിൽ എന്തിനാൽ ഇടറി വീഴുകയില്ല?
8. ജാതികളിൽ ശേഷിച്ചവരോടും ഏദോമിനോടും ദൈവം സംസാരിക്കുന്നത് എപ്രകാരമാണ്?
9. പ്രവാചകന്റെ സ്വജാതിക്കാരിൽ ഓരോരുത്തൻ തമ്മിൽ തമ്മിൽ പറയുന്നത് എന്ത്?
10. സെയീർ പർവ്വതത്തെ ന്യായം വിധിക്കുമ്പോൾ ദൈവം അവിടെ ആരെ വെളിപ്പെടുത്തും?
11. തന്റെ ജനം ജാതികളുടെ ഇടയിൽ ക്ഷാമത്തിന്റെ നിന്ദ അനുഭവിക്കാതിരിക്കേണ്ടതിന് എന്തിന്റെയൊക്കെ ഫലത്തെയും വിളവിനെയും ദൈവം വർദ്ധിപ്പിക്കും?
12. ദൈവത്തിന്റെ ജനമായ യിസ്രായേൽ വരുവാൻ അടുത്തിരിക്കകൊണ്ട് അവർക്കുവേണ്ടി ഫലം കായ്ക്കുവിൻ എന്നുപറഞ്ഞത് ഏതു ദേശത്തോടാണ്?
13. അസ്ഥികളുടെ ഇടയിൽക്കൂടി ദൈവം പ്രവാചകനെ എപ്രകാരം നടക്കുമാറാക്കി?
14. യിസ്രായേലിനു ചുറ്റുമുള്ള ജാതികൾ നിശ്ചയമായും ലജ്ജ വഹിക്കും എന്ന് ദൈവം എപ്രകാരമാണ് സത്യം ചെയ്തത്?
15. പ്രവാചകൻ ഒരു മുഴക്കം കേട്ടത് എപ്പോഴാണ്?
16. സ്വന്തജനത്തിന്റെമേൽ ഏങ്ങനെയുള്ള ജലമാണ് ദൈവം തളിക്കുന്നത്?
17. "നീ മഴക്കോൾപോലെ കയറിവരും"എന്ന് ദൈവം പറഞ്ഞത് ആരോടാണ്?
18. മഹാമാരികൊണ്ടും, രക്തംകൊണ്ടും ദൈവം ന്യായം വിധിക്കുന്നത് ആരെയാണ്?
19. താഴ്വരയിലെ " ഉണങ്ങിയ അസ്ഥികൾ"ഏതു ദേശത്തെ പ്രതിനിധീകരിക്കുന്നു?
20. വഴിപോക്കർ ഗോഗിനെയും അവന്റെ സകല പുരുഷാരത്തെയും അടക്കം ചെയ്ത സ്ഥലത്തിനു എന്ത് പേർ വിളിക്കും?
21. യാഗപീഠത്തിന് പാപപരിഹാരം വരുത്തിതീർന്നശേഷം ഏതൊക്കെ മൃഗത്തെയുംകൂടെ അർപ്പിക്കേണം?
22. ദർശനത്തിൽ കണ്ട പുരുഷൻ അടുക്കൽ നിൽക്കുമ്പോൾ എവിടെ നിന്നാണ് ഒരുവൻ പ്രവാചകനോട് സംസാരിച്ചത്?
23. ദിനം പ്രതി പാപയാഗമായി ഓരോ കോലാടിനെ എത്രദിവസം അർപ്പിക്കണം?
24. യിസ്രായേലിന്റെ ദൈവത്തിന്റെ തേജസ്സു ഗോപുരത്തിലേക്കു ഏതുവഴിയായിവന്നു?
25. ഹോമയാഗമായി അർപ്പിക്കുന്നതിനു മുമ്പെ യാഗവസ്തുവിന്മേൽ വിതറേണ്ടത് എന്ത്?

കഴിഞ്ഞ ലക്കം

### ഉത്തരങ്ങൾ

യെഹെസ്കേൽ

| | | |
|---|---|---|
| 1. | പത്താം തീയതി. | 24:1 |
| 2. | പ്രഭുക്കന്മാരെ | 22:27 |
| 3. | രക്തപാതകമുള്ള നഗരത്തെ | 24:6 |
| 4. | വിഗ്രഹങ്ങൾ | 22:4 |
| 5. | ഒട്ടകങ്ങൾക്ക് | 25:5 |
| 6. | രക്തം ചൊരിവാൻ ദേഹികളെ നശിപ്പിപ്പാനും നോക്കുന്നു. | 22:27 |
| 7. | മൗനമായി | 24:17 |
| 8. | ശബ്ബത്തുക്കളെ | 22:8 |
| 9. | സോരിനെ | 26:4 |
| 10. | പ്രതികാരം ചെയ്ത് പകരം വീട്ടി. | 25:12 |
| 11. | മിസ്രയീമിൽ..ശണപടംകൊണ്ട്. | 27:7 |
| 12. | കടൽക്കരയിൽ ശേഷിപ്പുള്ളവരെ നശിപ്പിച്ച് മഹാപ്രതികാരം നടത്തി.. | 25:16 |
| 13. | സോർപ്രഭുവിന്റെ | 28:2 |
| 14. | അനേകം ജാതികളെ പുറപ്പെട്ടു വരുമാറാക്കും | അദ്ധ്യായം 26,27 |
| 15. | മാലുമികൾ. | 27:8 |
| 16. | നെബൂഖദ്നേസർ | 26:9 |
| 17. | മിസ്രയീം രാജാവായ ഫറവോനെ. | 29:3 |
| 18. | കോതമ്പും...പരിമളതൈലവും. | 27:17 |
| 19. | ഒൻപതുതരം, താമ്രമണി...മരതകം. | 28:13 |
| 20. | പകൽ ഇരുണ്ടുപോകും | 30:18 |
| 21. | സോർ. | 28:15 |
| 22. | കൂശ്. | 30:4 |
| 23. | യാക്കോബിനെ. | 28:25 |
| 24. | നെബൂഖദ്നേസറിന്റെ സൈന്യത്തിന് | 29:19 |
| 25. | പത്രോസ്ദേശം. | 29:14 |

### ബൈബിൾ ക്വിസ്സ് സമ്മേളനം 2017

ഫ്ളെയിം ഓഫ് റിവൈവലിന്റെ ബൈബിൾ ക്വിസ്സ് സമ്മേളനം സെപ്റ്റംബർ 9 ശനിയാഴ്ച തിരുവല്ലയിൽ നടത്തപ്പെടും. രാവിലെ 9 മുതൽ 1 മണി വരെയാണ് സമ്മേളനം. പ്രത്യേകം കടന്നുവരുമല്ലോ.

സന്ദേശം:

**ഡോ.ബഞ്ചമിൻ ജോർജ്ജ്**
**കോട്ടയം**

**ബൈബിൾ ക്വിസ് സംബന്ധിച്ച സംശയങ്ങൾക്ക് വിളിക്കേണ്ടിയ നമ്പർ:**

08289816357

### വിജയികൾ

തെരഞ്ഞെടുക്കപ്പെട്ട 6 പേരുടെ പേരുകൾ

**ജൂലൈ 2017**

**ഗ്രേയ്സ് പീറ്റർ**
ബ്ലൂവെൽവില്ല
വടവാതൂർ.പി.ഒ
കോട്ടയം

**ബിൻസി സിജു**
കോയിക്കൽ
പല്ലരിമംഗലം.പി.ഒ
ഇടുക്കി

**മേരി ബ്രറ്റ്സിയ**
ഷാലോം
നെല്ലിക്കോട്.പി.ഒ
കോഴിക്കോട്

**എലിസബേത്ത്**
അമ്പാട്ട്
പുന്നവേലി.പി.ഒ
മല്ലപ്പള്ളി

**ഷൈനി പ്രസാദ്**
ട്രാൻസ്‌വേൾഡ്റേഡിയോ
മഞ്ഞാടി.പി.ഒ
തിരുവല്ല

**അന്നമ്മദാനിയേൽ**
പാറപ്പറമ്പിൽ
കുറ്റപ്പുഴ.പി.ഒ
തിരുവല്ല

**മലയാളം സ്റ്റഡി ബൈബിൾ**

**തുടർച്ചയായി ശരിയുത്തരം അയക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെടുന്ന ആറു പേർക്ക് മലയാളം സ്റ്റഡി ബൈബിൾ സമ്മാനമായി ലഭിക്കുന്നതാണ്.**

### ഉത്തരം അയക്കുമ്പോൾ ശ്രദ്ധിക്കുക

ഉത്തരം വേറെ കടലാസ്സിൽ എഴുതി കവറിലോ ഇൻലന്റിൽ എഴുതിയോ അയക്കാവുന്നതാണ്. ദയവായി ഉത്തരം എഴുതിയ പേപ്പർ ഇൻലന്റിനുള്ളിൽ വെച്ച് അയക്കരുത്

നമ്പർ എഴുതിയിട്ട് ഉത്തരം മാത്രം എഴുതുക. ചോദ്യം എഴുതേണ്ടതില്ല.

ഉത്തരത്തോടൊപ്പം ബൈബിൾ വാക്യം ഏതാണെന്നും കാണിച്ചിരിക്കണം.

വിലാസം,ഫോൺ,മൊബൈൽ നമ്പരുകൾ ഉത്തരം അയക്കുന്ന പേപ്പറിൽ വ്യക്തമായി എഴുതിയിരിക്കണം.

കവറിലും മേൽവിലാസം വ്യക്തമായി എഴുതി അയക്കണം.

ഉത്തരങ്ങൾ 2017 **സെപ്റ്റംബർ 15–നു മുമ്പ്** അയച്ചു തരിക.

**അയക്കേണ്ട വിലാസം:**

**Flame of Revival,**
**PB.21, Kuttapuzha.PO,**
**Tiruvalla 689 103**
**Kerala State**

ഇവിടെ നിന്നും സമ്മാനമായി അയക്കുന്ന പുസ്തകങ്ങൾ തിരികെ വരാതിരിക്കുവാൻ ശരിയായ മേൽവിലാസം ദയവായി അയക്കുക. കവറിലും പേപ്പറിലും വിലാസം എഴുതുക

## കേരളത്തിലും ബംഗാളിലും തമിഴ്നാട്ടിലും ഉത്തർപ്രദേശിലും സുവിശേഷ പ്രവർത്തനങ്ങൾ

കേരളം,ബംഗാൾ,തമിഴ്നാട്,ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ കർത്താവ് നമ്മെ സഹായിക്കുന്നു. ഈ ശുശ്രൂഷയ്ക്ക് ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക സഹായവും ആവശ്യമാണ്.

### നമ്മുടെ മിഷൻ ഫീൽഡുകൾക്കായി പ്രാർത്ഥിക്കുക




## ദൈവമക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ഫ്ളെയിം ഓഫ് റിവൈവലിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി പ്രിന്റിംഗ്, പോസ്റ്റിംഗ് കാര്യങ്ങൾക്കായി എല്ലാ മാസവും സാമ്പത്തികചെലവുകൾ വർദ്ധിക്കുന്നു. വായനക്കാരായ ദൈവമക്കൾ വാർഷിക വരിസംഖ്യകളും സംഭാവനകളും അയച്ചു തരുന്നത് പത്രത്തിന്റെ പ്രസിദ്ധീകരണത്തിന് ഏറെ സഹായകമാകും. വരിസംഖ്യയോ സംഭാവനകളോ മണി ഓർഡറായി അയക്കുകയാണെങ്കിൽ **ഫ്ളെയിം ഓഫ് റിവൈവൽ, പി,ബി.നമ്പർ 21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല 689103** എന്ന വിലാസത്തിൽ അയക്കുക. ബാങ്കിലേക്ക് നെഫ്റ്റ്/ആർ.ടി.ജി.എസ് വഴി നേരിട്ടയക്കുന്നതിനായി വിവരങ്ങൾ ഇതോടൊപ്പം നൽകിയിട്ടുണ്ട്. ദൈവമക്കളുടെ വിലയേറിയ സഹകരണം പ്രതീക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് **9447472692, 9400268723, 9447104670, 9446115977**


### സംഭാവന ബാങ്കുവഴി അയക്കുകയോ ചെക്കായി അയക്കുകയോ ചെയ്യുമ്പോൾ

അയക്കേണ്ടതായ പേര്:
CROWN OF LIFE MINISTRIES
ബാങ്ക്: STATE BANK OF INDIA- (S.B.I)
ബ്രാഞ്ച്: KUTTAPUZHA സ്ഥലം: THIRUVALLA
അക്കൗണ്ട് നമ്പർ: 67083936228 (CURRENT ACCOUNT)
ഇന്റർനെറ്റ് വഴി അയക്കുമ്പോൾ: IFSC Code: SBIN0070309



## സിക്കുമതത്തിൽ നിന്നും ക്രിസ്തുവിശ്വാസത്തിലേക്ക്

16



# ഭക്തസിംഗ്

### ക്രിസ്തുവിനേയും ക്രിസ്ത്യാനിയേയും വെറുത്തയാൾ ഒടുവിൽ ക്രിസ്ത്യാനിയായി

## പഞ്ചാബിൽനിന്നും ഒരു മിഷനറി ജീവചരിത്രം കൂടി

ക്രിസ്തുവിന്റെ സ്നേഹം എന്നെ നിർബ്ബന്ധിക്കുന്നു'' എന്ന പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾപോലെ സുവിശേഷവേലയ്ക്കായി ഭക്തസിംഗിനേയും ആ സ്നേഹം നിർബന്ധിച്ചു. ഉറ്റവരും ഉടയവരും കൈവിട്ടപ്പോഴും കൈവിടാത്ത ദിവ്യസ്നേഹം ഏകാന്തതയോ നൈരാശ്യമോ തന്റെ അടുക്കലേക്ക് കടന്നുവരാതെ തന്നെ ആശ്ലേഷിച്ചുകൊണ്ടിരുന്നു. ''സ്വന്തപുത്രനെ ആദരിയാതെ നമുക്കുവേണ്ടി സർവ്വവും ഏൽപ്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നൽകാതിരിക്കുമോ?'' എന്ന ദൈവവചനം തന്റെ ജീവിത വഴിയാത്രയിൽ അന്വർത്ഥമായിത്തീർന്ന വചനമായിരുന്നു. ബോംബെ പട്ടണത്തിൽ തന്നെ പുതുവഴികൾ ഭക്തസിംഗിനായി തുറക്കപ്പെട്ടു. ആവഴികൾ ചോദിച്ചതിലും നിനച്ചതിലും അത്യന്തംപരമായിരുന്നു.

സ്ക്കോട്ട്ലന്റിലെ എഡിൻ ബറോയിലുള്ള മിസിസ് മാക്ലയിന്റെ ഭർത്താവ് ബോംബെയിലെ വിൽസൺ കോളജിലെ പ്രൊഫസർ ആണെന്നുള്ള വിവരം താൻ അവിടെവെച്ചു അറിഞ്ഞിരുന്നു. ബോംബെയിൽ എത്തിയാൽ ഭർത്താവിനെ കാണണമെന്ന മാക്ലെയിന്റെ വാക്കുകൾ ഭക്തസിംഗിന്റെ ഓർമയിൽ ഓടിയെത്തി. വിൽസൺ കോളജിൽ എത്തി അന്വേഷിച്ചപ്പോൾ അദ്ദേഹം സ്കോട്ട്ലന്റിലേക്ക് പോയി എന്നാണ് അറിയാൻ കഴിഞ്ഞത്. എന്നാൽ ദൈവത്തിന്റെ പദ്ധതി മറ്റൊരു വ്യക്തിയുമായുള്ള ഭക്തസിംഗിന്റെ സംബന്ധമായിരുന്നു. ബോംബെയിലെ മെഥഡിസ്റ്റ് മിഷന്റെ സൂപ്രണ്ട് ആയിരുന്ന മിസ്റ്റർ വാർണൻ എന്ന മിഷനറിയുമായിരുന്നു കൂടികാഴ്ച. വർണനുമായി തന്റെ ജീവിതാനുഭവം ഭക്തസിംഗ് പങ്കുവെച്ചു. ഒരിക്കൽ ക്രിസ്തേതരനും ക്രിസ്തുവിരോധിയുമായി ജീവിച്ച് പിന്നീട് ക്രിസ്യാനിയായി മാറിയ ആ ചെറുപ്പക്കാരന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹത്തെ ഹഠാദാകർഷിച്ചു.

മിസ്റ്റർ വാർണനെ സിംഗിന്റെ അനുഭവസാക്ഷ്യം ആഴമായി സ്പർശിച്ചു. ആദ്യത്തെ പരിചയപ്പെടലിൽതന്നെ ഒരു ഉറ്റസുഹൃദ് ബന്ധം അവർ തമ്മിലുരുവായി. വളരെ സന്തോഷത്തോടെ ഭക്തസിംഗിനെ അദ്ദേഹം കൈക്കൊണ്ടു. മെഥഡിസ്റ്റ് സഭയുടെ

**മെഥഡിസ്റ്റ് സഭയുടെ റോബിൻ സൺ ചർച്ചിനോടനുബന്ധിച്ച് ഭക്തസിംഗിനു പാർക്കുവാനുള്ള മുറി തയ്യാറാക്കികൊടുത്തു. ബോംബെ- ബൈക്കുളയിൽ സ്ഥിതിചെയ്യുന്ന ആ ചർച്ച് മെഥഡിസ്റ്റ് സഭാ സൂപ്രണ്ടിന്റേയും ബിഷപ്പിന്റേയും ആസ്ഥാനമായിരുന്നു. ഭക്തസിംഗിന്റെ ഭാരതമണ്ണിലെ സുവിശേഷ പ്രവർത്തനത്തിനായി ദൈവം ഒരുക്കികൊടുത്ത വിശാല വാതിലായിരുന്നു അത്.**

റോബിൻ സൺ ചർച്ചിനോടനുബന്ധിച്ച് ഭക്തസിംഗിനു പാർക്കുവാനുള്ള മുറി തയ്യാറാക്കികൊടുത്തു. ബോംബെ-ബൈക്കുളയിൽ സ്ഥിതിചെയ്യുന്ന ആ ചർച്ച് മെഥഡിസ്റ്റ് സഭാ സൂപ്രണ്ടിന്റേയും ബിഷപ്പിന്റേയും ആസ്ഥാനമായിരുന്നു. ഭക്തസിംഗിന്റെ ഭാരതമണ്ണിലെ സുവിശേഷപ്രവർത്തനത്തിനായി ദൈവം ഒരുക്കികൊടുത്ത വിശാല വാതിലായിരുന്നു അത്. പഞ്ചാബിലെ സർഗോഥയിലുള്ള തന്റെ വീട്ടിൽ ചെന്നിരുന്നെങ്കിൽ കിട്ടാത്ത സൗകര്യങ്ങൾ തനിക്കായി കർത്താവ് ഒരുക്കികൊടുത്തു.

മെഥഡിസ്റ്റ് സഭയുടെ ഭക്തനായ ഒരു ബിഷപ്പായിരുന്നു ബ്രാഡ്ലി. സുവിശേഷവേലയ്ക്കു വളരെ ആത്മഭാരമുള്ള ഒരു വ്യക്തിയായിരുന്നു മെഥഡിസ്റ്റ് സഭാസൂപ്രണ്ടായിരുന്ന മിസ്റ്റർ വാർണൻ. അവരിരുവരും സുവിശേഷത്തിനായി എന്തും ഏതുമായിത്തീരുവാൻ സമർപ്പിച്ച ഭക്തസിംഗുമായി കൂടിചേർന്നപ്പോൾ അടുത്തപടി എന്താകുമെന്ന് ഊഹിക്കാമല്ലോ. ഏപ്രിൽ മാസം ഈസ്റ്റർ പരിപാടികൾ വിവിധയിടങ്ങളിലായി മെഥഡിസ്റ്റ് സഭ മുന്നമേ ക്രമീകരിച്ചിരുന്നു. ആ യോഗങ്ങളിൽ ഭക്തസിംഗിനു തന്റെ അനുഭവം പങ്കിടുവാനും ദൈവവചനം പങ്കുവെയ്ക്കുന്നതിനുമുള്ള അവസരം ലഭ്യമായി. ബോംബെയിൽ ക്രിസ്തുവിന്റെ മാറ്റമില്ലാത്ത വചനം അനേകരിലേക്ക് പകർന്നു നൽകാൻ ഭക്തസിംഗിനെ കർത്താവ് ഉപയോഗിച്ചു. സരളവും ആത്മസ്പർശിയുമാർന്ന അദ്ദേഹത്തിന്റെ വാക്കുകൾ ഒരസ്ത്രം കണക്കേ ഹൃദയങ്ങളിൽ തുളച്ചുകയറി. ധാരാളമാളുകൾ ക്രിസ്തേശുവിനായി തങ്ങളെത്തന്നെ സമർപ്പിച്ചു.

ഭക്തസിംഗിന്റെ ശുശ്രൂഷയിൽ ആകൃഷ്ടനായ ബിഷപ്പ് ബ്രാഡ്ലിയിലൂടെ പലകാര്യങ്ങളും കർത്താവ് ക്രമീകരിച്ചുകൊടുത്തു. മെഥഡിസ്റ്റ് സഭയിലൂടെ ഭാരതത്തിന്റെ മണ്ണിൽ തനിക്കായി തുറക്കപ്പെട്ട വാതിലുകൾ വാസ്തവത്തിൽ തനിക്കുതന്നെ ഒരത്ഭുതമായിരുന്നു. വിക്ടോറിയ ടെർമിനലിൽനിന്നും പുറത്തേക്ക് ഇറങ്ങിയപ്പോൾ തനിക്ക് നോക്കാൻ കാൽവറിമാത്രമായിരുന്നു. തനിക്കുവേണ്ടി തിരുനിണം ചിന്തിയ തന്റെ നാഥനെ ധ്യാനിച്ച് ബോംബെ പട്ടണത്തിൽക്കൂടി നടന്നുനീങ്ങിയപ്പോൾ അബ്രഹാം എവിടേക്ക് പോകണമെന്നറിയാതെ യാത്രതിരിച്ചതിനു തുല്യമായിരുന്നു അത്. മിസ്രയീമിലെ ധനത്തെക്കാൾ ക്രിസ്തുവിനൊടൊപ്പമുള്ള നിന്ദയെ വിലയേറിയ ധനമായി കണ്ട മോശയെപ്പോലെയുള്ള ഒരു ജീവിതംതന്നെയായിരുന്നു അത്.

''മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് കിട്ടും'' (മത്താ.6:33) ഭക്തസിംഗ് മുമ്പെ ക്രിസ്തുവിന്റെ രാജ്യവും നീതിയും തന്നെയായിരുന്നു അന്വേഷിച്ചത്. ആ അന്വേഷണത്തോടൊപ്പം കർത്താവ് തനിക്കായി ഒട്ടനവധി നന്മകൾ തന്നെ ഒരുക്കി. ഒരു ഭാഗത്ത് പ്രതിബന്ധങ്ങളും കഷ്ടങ്ങളും ഉണ്ടെങ്കിലും മറുഭാഗത്ത് ദൈവം ഒരുക്കിയ പോംവഴികളും താൻ ദർശിച്ചു.

വസ്ത്രധാരണത്തിൽപ്പോലും താൻ വ്യത്യസ്തനായിരുന്നു. വളരെ വെടിപ്പുള്ള വസ്ത്രങ്ങൾ അദ്ദേഹം ധരിച്ചു. മനുഷ്യജീവിതത്തിൽ ഉണ്ടാകേണ്ടതായ സമൂലപരിവർത്തനം അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രകടമായിരുന്നു. സമൂഹം രൂപാന്തരപ്പെടണമെങ്കിൽ വ്യക്തികളിൽ ആദ്യം രൂപാന്തരം ഉണ്ടാകേണമെന്ന് അദ്ദേഹം ഘോഷിച്ചു. ജാതീയതയ്ക്കെതിരെ ഭക്തസിംഗ് ശക്തമായി പ്രതികരിച്ചു. സമൂഹത്തിൽ രണ്ട് തട്ടിൽ നിൽക്കാതെ ''**എല്ലാവരും ക്രിസ്തുവിൽ ഒന്ന്**'' എന്ന ദൈവവചനം ജാതീവ്യവസ്ഥയെ ഇല്ലാതാക്കേണ്ടതിനായി ഭക്തസിംഗ് പ്രസംഗിച്ചു. ഉന്നതകുലജാതനായ താൻ സമൂഹത്തിന്റെ താഴേക്കിടയിൽ കിടക്കുന്ന അശരണരും ആലംബഹീനരുമായവരുടെ അടുക്കലേക്ക് കടന്നുചെന്നു. അവർക്കൊപ്പം ക്രിസ്തുസ്നേഹം പങ്കിട്ടപ്പോൾ അതവരുടെ അന്തരാത്മാക്കളെ ആഴമായി സ്പർശിച്ചു. അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ ഇടപെടൽ നാനാജാതിക്കാരെയും ആകർഷിച്ചു. ക്രിസ്തുവിനുവേണ്ടി എത്ര താണുതാണു കടന്നുചെല്ലണമെങ്കിലും അതിനു താൻ തയ്യാറായിരുന്നു. അത്തരത്തിലുള്ള തന്റെ ഇടപെടൽ ശക്തിയേറിയ ഒരു സുവിശേഷഘോഷണം തന്നെയായിരുന്നു. ധാരാളമാളുകൾ ആസ്നേഹത്തിൽക്കൂടി- ജീവിതത്തിൽക്കൂടി യേശുവിങ്കലേക്കു കടന്നുവന്നു. ഒരു വാക്കുപോലും പറയാതെ ജീവിതം കൊണ്ടും സുവിശേഷം പറയാനാകും എന്നതിനു ഒരു ഉദാത്ത ദൃഷ്ടാന്തമായിരുന്നു ഭക്തസിംഗ്.

## ബോംബെയിലെ സുവിശേഷ പ്രവർത്തനങ്ങൾ






**വിൽസൺ കോളജിൽ എത്തി അന്വേഷിച്ചപ്പോൾ അദ്ദേഹം സ്കോട്ട്ലന്റിലേക്ക് പോയിരുന്നു. എന്നാൽ ദൈവത്തിന്റെ പദ്ധതി മറ്റൊരു വ്യക്തിയുമായുള്ള ഭക്തസിംഗിന്റെ സംബന്ധമായിരുന്നു. ബോംബെയിലെ മെഥഡിസ്റ്റ് മിഷന്റെ സൂപ്രണ്ട് ആയിരുന്ന മിസ്റ്റർ വാർണൻ എന്ന മിഷനറിയുമായിരുന്നു കൂടിക്കാഴ്ച. വാർണനുമായി തന്റെ ജീവിതാനുഭവം ഭക്തസിംഗ് പങ്കുവെച്ചു. ഒരിക്കൽ ക്രിസ്തേതരനും ക്രിസ്തുവിരോധിയുമായി ജീവിച്ച് പിന്നീട് ക്രിസ്യാനിയായി മാറിയ ആ ചെറുപ്പക്കാരന്റെ ജീവിതാനുഭവങ്ങൾ അദ്ദേഹത്തെ ഹഠാദാകർഷിച്ചു.**

അടുത്ത ലക്കത്തിൽ


**സിയാൽകോട്ടിലും കറാച്ചിയിലും**

# News വാർത്തകൾ



## യേശുക്രിസ്തു വേഗം വരുന്നു !

"ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക"
എബ്രായർ 12:28



# മരണത്തോടുമല്ലടിച്ച് കുരുന്നുകൾ



ഗോരഖ്പൂരിലെ ബി.ആർ.ഡി മെഡിക്കൽകോളജിൽനിന്നുള്ള ദൃശ്യം

ഗോരഖ്പൂർ: ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗിആദിത്യനാഥ് കഴിഞ്ഞ ഇരുപതു വർഷമായി പ്രതിനിധാനം ചെയ്യുന്ന ഉത്തർപ്രദേശിലെ ഗോരഖ്പൂർ മണ്ഡലത്തിലെ ഏറ്റവും വലിയ ഹോസ്പിറ്റലായ ബാബാ രാഘവദാസ് മെഡിക്കൽകോളജ് ഹോസ്പിറ്റലിൽ ആഗസ്റ്റ് മാസത്തിലെ ഒരാഴ്ചയിൽമാത്രം 70 കുട്ടികൾ മരണമടഞ്ഞ സംഭവം രാജ്യവ്യാപകമായ പ്രതിഷേധത്തിനു ഇരയാക്കിയിരിക്കുകയാണ്. ഓക്സിജൻ കമ്പനിക്ക് 68 ലക്ഷം രൂപാ കടബാധ്യയത ഉണ്ടായിരുന്നത് നൽകാതിരുന്നതിനാൽ സ്വകാര്യകമ്പനി ആശുപത്രിയിലേക്കുള്ള ഓക്സിജൻ വിതരണം നിറുത്തിയതാണ് മുപ്പതോളം കുഞ്ഞുങ്ങളുടെയും ജീവനപഹരിച്ചതെന്ന് ഡോക്ടർമാർ പറഞ്ഞെതെങ്കിലും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അതു തിരസ്ക്കരിച്ചു. ഗോരഖ്പൂർ, മഹാരാജ്ഗഞ്ച്,സിദ്ദാർഥ്നഗർ,കുശിനഗർ എന്നീ ജില്ലകളിൽനിന്നുള്ള കുരുന്നുകളാണ് ഓക്സിജൻ കിട്ടാതെ മരണമടഞ്ഞ കുട്ടികൾ.

മസ്തിഷ്കജ്വരം ബാധിച്ച് ഗുരുതരാവസ്ഥയിലായിരുന്നു കുഞ്ഞുങ്ങൾ. ആശുപത്രിയിൽ ആവശ്യമായ ശുചിത്വം ഇല്ലാത്തനിലയിലാണ്. കുട്ടികളുടെ കൂട്ടമരണത്തിനുശേഷവും ആവശ്യമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാലതാമസംവരുത്തുന്നു. ആശുപത്രി കോമ്പൗണ്ടിൽ പശുക്കളും പട്ടികളും കയറുന്നതും മലവിസ്സർജ്ജനം നടത്തുന്നതും പതിവായിരുന്നു.

മസ്തിഷ്കജ്വരം നിമിത്തമുള്ള മരണം ധാരാളം റിപ്പോർട്ടു ചെയ്യപ്പെടുന്ന സ്ഥലമാണ് ഗോരഖ്പൂർ. ജപ്പാൻ ജ്വരം ഇവിടെ പടർന്നുപിടിച്ചിരിക്കുന്നതിനാലാണ് മസ്തിഷ്ക മരണം ധാരാളമായി ഇവിടെ നടക്കുന്നത്. 1978 മുതലാണ് ഇവിടം ഈ രോഗത്തിന്റെ പ്രധാനകേന്ദ്രമായി മാറിയത്. 2012–നുശേഷം 3000 കുട്ടികളാണ് ജപ്പാൻജ്വരം ബാധിച്ച് ബി.ആർ.ഡി മെഡിക്കൽ കോളജിൽ മരണമടഞ്ഞത്. ഈ വർഷം മാത്രം 114 മരണം സംഭവിച്ചിരുന്നു. രോഗപ്രതിരോധത്തിനുവേണ്ടി 4000 കോടി രൂപാ കേന്ദ്രസർക്കാർ അനുവദിച്ചിരുന്നു. മസ്തിഷ്ക ജ്വരം തടയുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനവ്യാപകമായി ബോധവത്ക്കരണം നടന്നുവരുന്നതിനിടയിലാണ് ഈ മഹാദുരന്തം. കഴിഞ്ഞ മൂന്നര പതിറ്റാണ്ടുകൾക്കിടയിൽ അരലക്ഷത്തോളം കുട്ടികൾ ഉത്തർ പ്രദേശിൽ മസ്തിഷ്ക ജ്വരംമൂലം മരണത്തിനു കീഴടങ്ങി.

കുട്ടികളുടെ കൂട്ടമരണം ഉത്തർപ്രദേശ് സർക്കാരിനെതിരെ ജനരോക്ഷം ഉയർത്തിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് പ്രതിപക്ഷവും പ്രതിഷേധം ശക്തമാക്കിയിരിക്കുകയാണ്. ഇതിനിടെ ആശുപത്രി സന്ദർശിച്ച മുഖ്യമന്ത്രി യോഗി ആദിത്യനാഥിനുവേണ്ടി വൻപോലീസ് സന്നാഹം ആശുപത്രിയിൽ വിന്യസിച്ചിരുന്നത് മരണമടഞ്ഞ കുരുന്നുകളുടെ ഭൗതികശരീരം സ്വഭവനങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് തടസ്സമായതും പ്രതിഷേധത്തിനു ഇടയാക്കി.

**2012–നുശേഷം 3000 കുട്ടികളാണ് ജപ്പാൻജ്വരം ബാധിച്ച് ബി.ആർ.ഡി മെഡിക്കൽ കോളജിൽ മരണമടഞ്ഞത്.**



ഗോരഖ്പൂരിലെ ബി.ആർ.ഡി മെഡിക്കൽകോളജിൽനിന്നുള്ള ദൃശ്യം

## സ്വന്തംകുഞ്ഞിന്റെ ചേതനയറ്റ ശരീരവുമായി

കരളലിയിക്കുന്ന ദൃശ്യങ്ങളായിരുന്നു ഗോരഖ്പൂരിലെ ബി.ആർ.ഡി. മെഡിക്കൽ കോളജിൽ ദർശിച്ചത്. സ്വന്തം കുഞ്ഞിന്റെ ചേതനയറ്റ ശരീരവുമായി നടന്നുനീങ്ങുന്ന മാതാപിതാക്കൾ..അവരുടെ ബന്ധുമിത്രാദികൾ..തങ്ങളുടെ കുരുന്നുകളുടെ കൂട്ടമരണ വാർത്ത കേട്ട് ഗ്രാമീണരെല്ലാം പകച്ചുനിൽക്കുകയാണ്. ഈ റിപ്പോർട്ട് തയ്യാറാക്കുമ്പോഴും കുട്ടികളുടെ മരണവാർത്ത വീണ്ടും വീണ്ടും വന്നുകൊണ്ടിരിക്കുന്നു.

ഗോരഖ്പൂരിലെ ബി.ആർ.ഡി മെഡിക്കൽകോളജിൽനിന്നുള്ള ദൃശ്യം



സ്വന്തംകുഞ്ഞിന്റെ ചേതനയറ്റ ശരീരവുമായി നടന്നുനീങ്ങുന്ന പിതാവ്.

## കൊലയാളികളെ കണ്ടെത്തിയില്ല

ലുധിയാന: പഞ്ചാബിൽ ക്രിസ്തുവിരോധികളാൽ കൊല്ലപ്പെട്ട ക്രൈസ്തവ മിഷനറിയായ പാസ്റ്റർ സുൽത്താൻ മസിഹിന്റെ ഘാതകരെ കണ്ടെത്താൻ പോലീസിന് ഇതുവരെയും കഴിഞ്ഞിട്ടില്ല. പഞ്ചാബിലെ മുഴുവൻ ജില്ലകളിലും ക്രൈസ്തവരുടെ പ്രതിഷേധ റാലികൾ നടന്നിരുന്നു. ചില സ്ഥലങ്ങളിൽ പ്രതിഷേധം സംഘർഷത്തിലേക്കു പോയെങ്കിലും ക്രൈസ്തവർ സംയമനം പാലിച്ചതുകൊണ്ട് അനിഷ്ടസംഭവങ്ങൾ ഉണ്ടായില്ല. പോലീസ് ഒരു പ്രത്യേക അന്വോഷണസംഘത്തെയാണ് നിയോഗിച്ചിട്ടുള്ളത്.



സുൽത്താൻമസിഹിന്റെ ശവസംസ്ക്കാര ശുശ്രൂഷാ ദൃശ്യം. ലുധിയാനയിൽ നടത്തപ്പെട്ട ശുശ്രൂഷയിൽ ഒട്ടനവധി വിശ്വാസികളും പൊതുജനങ്ങളും പങ്കെടുക്കുകയുണ്ടായി.

## രാഷ്ട്രപതിയായി രാംനാഥ്കോവിന്ദ്

**കാൻപൂരിലുള്ള ഒരു സാധാരണ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ട് രാജ്യത്തിന്റെ പ്രഥമപൗരനായി**

ന്യൂഡൽഹി: ഭാരതത്തിന്റെ പതിന്നാലാമതു പ്രസിഡന്റായി ശ്രീ.രാംനാഥ് കോവിന്ദ് സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റു. ഉത്തർപ്രദേശിലെ കാൻപൂരിലുള്ള ഒരു സാധാരണ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെട്ട അദ്ദേഹം ഇന്ത്യയുടെ പ്രസിഡന്റാകുന്ന രണ്ടാമത്തെ ദളിത് വിഭാഗക്കാരനാണ്. ഉപരാഷ്ടപതിയായി വെങ്കയ്യ നായിഡുവും സത്യപ്രതിജ്ഞ ചെയ്തു.



ഭാരതത്തിന്റെ പതിന്നാലാമതു പ്രസിഡന്റായ രാംനാഥ് കോവിന്ദ്

"സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു".സെഖര്യാവ് 4:6